VOL NO: 04 | ISSUE 51
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 DECEMBER 19 | 1442 JUMADAL AWWAL 04 | ₹12

വാരിക

യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട ഓർമ പുതുക്കുന്ന ക്രിസ്തുമസ് ആഘോഷവേളയിലാണ് ലോകമെമ്പാടുമുള്ള ക്രൈസ്തവർ. സെമിറ്റിക് മതങ്ങളിലെല്ലാം ഏറെ പ്രാധാന്യമർഹിക്കുന്നതും വ്യത്യസ്തത പുലർത്തുന്നതുമായ സ്ഥാനമാണ് യേശുവിനുള്ളത്. പ്രബല മതവിഭാഗങ്ങളായ ഇസ്‌ലാമും ക്രിസ്തുമതവും യേശുവിനെക്കുറിച്ച് വച്ചുപുലർത്തുന്ന വിശ്വാസങ്ങളിലെ സാമ്യതകളും വൈജാത്യങ്ങളും എന്തൊക്കെ? ഒരു താരതമ്യ പഠനം.

# യേശു

## വിശുദ്ധ ക്വുർആനിലും ബൈബിളിലും

- മുഹമ്മദ് നബി(സ്വ)
- ഇസ്‌ലാം വെളിച്ചമാണ്
- ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

## മിണ്ടാപ്രാണികൾക്കുമുണ്ട് അവകാശങ്ങൾ

മനുഷ്യർക്ക് മാത്രമല്ല, മുഴുവൻ ജീവജാലങ്ങൾക്കും ജീവിക്കാൻ അവകാശമുണ്ടെന്ന് പഠിപ്പിച്ച മതമാണ് ഇസ്‌ലാം. പച്ചക്കരളുള്ള ഏതൊരു ജീവിയോട് നന്മ ചെയ്താലും അത് പുണ്യകർമമാണെന്നും അതിനോട് തിന്മ ചെയ്താൽ പാപമാണ് എന്നുമാണ് മതാധ്യാപനം.

**ഓൺലൈൻ കോൺഫറൻസിനോടനുബന്ധിച്ച് വിസ്ഡം ബുക്സ് പുതുതായി പുറത്തിറക്കിയ**

## 1400 രൂപയിലധികം വിലയുള്ള ഒരു ഡസൻ പുസ്തകങ്ങൾ

## ഇപ്പോൾ വെറും 1000 രൂപക്ക്...!!!

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |



നേർപഥം
വാരിക

0205 / 2020 ഡിസംബർ 19 / 1442 ജുമാദൽ അവ്വൽ 04 / പുസ്തകം 04 / ലക്കം 51




# യേശുക്രിസ്തു വിശുദ്ധ ക്വുർആനിലും ബൈബിളിലും


സലീം പട്‌ല / 10

**മുഖമൊഴി**
ഇസ്‌ലാം വെളിച്ചമാണ് / 05

**ജാലകം**
കൈത്താങ്ങ് / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ലേഖനം**
സുജൂദിന്റെ മഹത്ത്വം / 07
ദുൽക്കർഷാൻ അലനല്ലൂർ

**ബാലപഥം**
എന്തിന്? / 18
അബൂഫായിദ

**ചരിത്രപഥം**
മുഹമ്മദ് നബി(സ്വ) / 19
ഹുസൈൻ സലഫി, ഷാർജ

**ക്വുർആൻ ദർശനം**
ഹശ്ർ (തുരത്തിയോടിക്കൽ) / 24
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**
ലൂസ് ജീൻസ് / 26
ഇബ്നു അലി എടത്തനാട്ടുകര

**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം / 28
പി.എൻ സോമൻ

**നമുക്ക് ചുറ്റും**
മിണ്ടാപ്രാണികൾക്കുമുണ്ട് അവകാശങ്ങൾ / 34
ടി.കെ.അശ്റഫ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

# സമരങ്ങൾ രോഗികളുടെ അവകാശങ്ങൾ മാനിച്ചാകണം: വിസ്ഡം പ്രൊഫഷണൽ മീറ്റ്

മലപ്പുറം: അവകാശങ്ങൾ നേടിയെടുക്കാനായി സമരം ചെയ്യുമ്പോൾ രോഗികളുടെ അവകാശങ്ങളെ മാനിക്കാനും അവരുടെ വേദനകളെ പരിഗണിക്കാനും പ്രൊഫഷണലുകൾ ബദ്ധശ്രദ്ധരാകണമെന്ന് വിസ്ഡം സംസ്ഥാന സമിതി സംഘടിപ്പിച്ച 'ഫോർ സൈറ്റ്' പ്രൊഫഷണൽ മീറ്റ് ആവശ്യപ്പെട്ടു.

കച്ചവടതാൽപര്യാർഥം രോഗികളെ കൂടുതൽ രോഗങ്ങളിലേക്ക് തള്ളിവിടുന്ന പ്രവണതകൾക്കെതിരെ സമൂഹം ജാഗ്രത പുലർത്തേണ്ടതുണ്ട്. കോവിഡ് 19ന്റ വ്യാപനത്തിന് അൽപം ശമനമുണ്ടെങ്കിലും ജാഗ്രത പുലർത്തുന്നതിലെ നിസ്സംഗത ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകും. കോവിഡിന്റ പര്യവസാനത്തിൽ ഉണ്ടായേക്കാവുന്ന ശാരീരികവും സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികളെക്കുറിച്ച് സമൂഹത്തിലുള്ളവർ ബോധവാൻമാരേകണ്ടതുണ്ട്. ആരോഗ്യ വകുപ്പിന്റ നിർദേശങ്ങൾ പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. മനുഷ്യാവകാശ ധ്വംസനങ്ങൾക്ക് കാരണമാകുന്ന നിയമനിർമാണങ്ങളിൽനിന്ന് ഭരണകൂടങ്ങൾ മാറിനിൽക്കണം. കർഷകരുടെ ആശങ്കകൾക്ക് അറുതിവരുത്താൻ കാർഷികബിൽ പിൻവലിച്ച് കർഷകരോട് ഐക്യപ്പെടാൻ ഭരണകൂടം തയ്യാറാകണമെന്നും പ്രൊഫഷണൽ മീറ്റ് ആവശ്യപ്പെട്ടു.

'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ 2021 ഏപ്രിൽ ആദ്യവാരം നടക്കാനിരിക്കുന്ന വിസ്ഡം സംസ്ഥാന ഓൺലൈൻ സമ്മേളന ഭാഗമായി സംഘടിപ്പിച്ച പ്രൊഫഷണൽ മീറ്റ് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായിരുന്നു.

പ്രൊഫ. ഹാരിസ് ബിൻ സലീം, താജുദ്ദീൻ സ്വലാഹി, ഡോ.മുഹമ്മദ് കുട്ടി കണ്ണിയൻ, ജംഷീർ സ്വലാഹി പ്രസംഗിച്ചു.

### കണ്ണൂർ ഇസ്‌ലാഹി കൾച്ചറൽ സെന്റർ ഉദ്ഘാടനം ചെയ്തു

കണ്ണൂർ: ടൗണിന്റെ ഹൃദയഭാഗത്ത് പണി പൂർത്തിയായ ഇസ്‌ലാഹി കൾച്ചറൽ സെന്റർ പ്രവർത്തനമാരംഭിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. കൾച്ചറൽ സെന്റർ പ്രസിഡന്റ് സാദത്തലി കണ്ണൂർ ആധ്യക്ഷ്യം വഹിച്ചു. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, സി.പി.സലീം, നാസിർ സ്വലാഹി പ്രസംഗിച്ചു.

ഇസ്‌ലാം സ്രഷ്ടാവിന്റെ മതമാണ്. ആ മതത്തിന്റെ പ്രമാണം ക്വുർആനും പ്രവാചക ചര്യയുമാണ്. അവയുടെ വ്യാഖ്യാനവും പ്രാവർത്തിക രൂപവും പ്രവാചകൻﷺ സ്വജീവിതത്തിലൂടെ കാണിച്ചുതന്നിട്ടുണ്ട്. പ്രവാചകാനുചരന്മാർ അവ കൃത്യമായി പഠിച്ചറിഞ്ഞ് പിൻപറ്റിയവരാണ്. ആ മാർഗം മുറകെ പിടിച്ച് പ്രമാണിക നിലപാടിൽ ഉറച്ചുനിൽക്കലാണ് സമുദായം അനുഭവിക്കുന്ന പ്രശ്നങ്ങൾക്കുള്ള അടിസ്ഥാന പരിഹാരം; ഉദ്ഘാടനത്തിൽ പങ്കെടുത്തു സംസാരിച്ച പണ്ഡിതൻമാർ വ്യക്തമാക്കി.

### സ്കൂൾ ഓഫ് ഖുർആൻ പ്രദേശിക സെന്ററുകൾ അനുവദിക്കുന്നു

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്കൂൾ ഓഫ് ഖുർആനിന്റെ പ്രദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind Al-Islamiyya, Jamia Campus, Mini Ootty - Oorakam

# ഇസ്‌ലാം വെളിച്ചമാണ്

ജീവിതത്തിന്റെ നിഖിലമേഖലകളിലേക്കും വെളിച്ചം വീശുന്ന നിയമങ്ങളും നിർദേശങ്ങളും നൽകുന്നു എന്നത് ഇസ്‌ലാമിന്റെ മാത്രം സവിശേഷതയാണ്. കുടുംബപരവും സാമൂഹികവും വൈയക്തികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ കാര്യങ്ങൾ മുതൽ ഇതരജീവികളോട് അനുവർത്തിക്കേണ്ട കാര്യങ്ങൾ വരെ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. യുദ്ധത്തിലും സമാധാനത്തിലും സന്ധിയിലും കൈക്കൊള്ളേണ്ട നിയമങ്ങൾ അതിൽ ഉണ്ട്.

മതം വിരോധിച്ച കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് നല്ലതാണെന്നോ ഇസ്‌ലാം അംഗീകരിച്ച കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് മോശമാണെന്നോ ഒരാൾക്കും പറയാൻ സാധ്യമല്ല.

മനുഷ്യബുദ്ധിയെ തട്ടിയുണർത്തുന്ന ചിന്താവിഷയങ്ങൾ ക്വുർആൻ മനുഷ്യർക്കുമുമ്പിൽ അവതരിപ്പിക്കുന്നു. അത് ശാസ്ത്രഗ്രന്ഥമല്ലെങ്കിലും അതിൽ ശാസ്ത്രീയമായ കാര്യങ്ങളുണ്ട്. ആധുനികശാസ്ത്രം കണ്ടുപിടിച്ച പല കാര്യങ്ങളും നിരക്ഷരനായ പ്രവാചകനിലൂടെ അവതീർണമായ ക്വുർആനിൽ കാണാൻ കഴിയുന്നു എന്നതുതന്നെ അതിന്റെ ദൈവികതയെ അറിയിക്കുന്നു.

യാത്രക്കാർ, രോഗികൾ, വൃദ്ധന്മാർ, ആർത്തവ, പ്രസവ രക്തമുള്ള സ്ത്രീകൾ എന്നിവർക്കെല്ലാം ആരാധനകളിൽ ഒഴിവുകഴിവുകൾ നൽകി ഇസ്‌ലാം പ്രായോഗികമായി നിലകൊള്ളുന്നു.

മരണാനന്തരജീവിതവും സ്വർഗനരകങ്ങളും അന്ത്യനാളിലെ അതിഭീകരമായ സംഭവങ്ങളും ക്വുർആനും ഹദീഥും വിവരിച്ചുതരുന്നത് മനുഷ്യമനസ്സിനെ നന്നാക്കുവാൻ സാധിക്കുന്നു. സ്വർഗത്തെക്കുറിച്ചുള്ള വിവരണങ്ങൾ സൽകർമനിരതരായി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു. ജീവിതം ഒരു പരീക്ഷണമാണെന്നും ക്ഷമയും സഹനവും അനിവാര്യമാണെന്നും സർവ കാര്യങ്ങളും അല്ലാഹു മുൻകൂട്ടി അറിയുന്നുവെന്നും അത് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നുവെന്ന വിധിയിലുള്ള വിശ്വാസം ഏത് പരീക്ഷണങ്ങളിലും പതറാതെ പിടിച്ചുനിൽക്കാൻ വിശ്വാസിയെ സഹായിക്കുന്നു.

എല്ലാ പാപങ്ങളും പൊറുക്കുന്നവനായ അല്ലാഹുവിനെ ഒരു പാപി പരിചയപ്പെടുമ്പോൾ അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് ജീവിതം നന്നാക്കുവാൻ അവന് കഴിയുന്നു.

മാതാപിതാക്കൾ, മക്കൾ, ഭാര്യ, ഭർത്താവ്, സഹോദരങ്ങൾ, കുടുംബങ്ങൾ, അയൽവാസികൾ. അഗതികൾ, അനാഥർ... ഇങ്ങനെ സർവരോടും നന്മചെയ്യുവാൻ ഇസ്‌ലാം നിർദേശിക്കുന്നു. മാതാപിതാക്കൾ മുസ്‌ലിംകളല്ലെങ്കിൽപോലും ഭൗതികമായ നന്മകൾ അവർക്കായി ചെയ്യണമെന്ന് അല്ലാഹുപറയുന്നു:

“നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെമേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക...” (ക്വുർആൻ 31:15).

തീവ്രതയില്ലാത്ത മധ്യമസരണിയാണ് ഇസ്‌ലാമിന്റെ ആദർശം. യുദ്ധരംഗത്ത് പോലും അനീതി ചെയ്യാൻ പാടില്ല എന്ന് മതം നിർദേശിക്കുന്നു.

മനുഷ്യകർമങ്ങൾ ആത്മാർഥമായി, അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടായിരിക്കണമെന്നും പുറംപൂച്ചും ലോകമാന്യതയും പാപമാണെന്നും ഏതൊരു തിന്മയെയും നിസ്സാരമായി ഗണിക്കരുതെന്നും മതം നിർദേശിക്കുന്നു.

“നിങ്ങളെ ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി തന്റെ ദാസന്റെമേൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കുന്നവനാണ് അവൻ. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയധികം ദയാലുവും കാരുണ്യവാനും തന്നെയാണ്” (ക്വുർആൻ 57:9).

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം

# കൈത്താങ്ങ്

നിവൃത്തിച്ചുകിട്ടേണ്ട ഒട്ടേറെ ആവശ്യങ്ങൾ നമുക്കെല്ലാമുണ്ടാവും. പല ആവശ്യങ്ങളും പണംകൊണ്ടോ സ്ഥാനമാനങ്ങൾകൊണ്ടോ നേടാനായേക്കാം. ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമകൾക്ക് അവരുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കാൻ പലരും മുന്നോട്ടുവന്നേക്കാം. എന്നാൽ ഇതൊന്നുമില്ലാത്ത, സാദാ വ്യക്തികളാണ് സമൂഹത്തിൽ അധികവും. അവർക്കുമുണ്ടായിരിക്കും നിവൃത്തിച്ചുകിട്ടേണ്ട ആവശ്യങ്ങൾ പലതും. നമ്മിലാരും സ്വയം പര്യാപ്തരല്ല എന്ന് നാമോർക്കണം. നാടോടിക്കഥയിലെ ചുണ്ടെലിയുടെ സഹായം വലയിലകപ്പെട്ട സിംഹരാജനു വേണ്ടിവന്നു എന്ന ഗുണപാഠം ചെറിയതല്ല.

ആവശ്യങ്ങൾ പലർക്കും പലതുമുണ്ടാവും. പാർപ്പിടം, ജീവിതമാർഗം കണ്ടെത്തൽ, ബിസിനസ്, പഠനം, ചികിത്സ, വിദഗ്ധനായ ഒരു ഡോക്ടറുടെ ഉപദേശം, മനസ്സിന് സമാധാനം നൽകുന്ന ഒരു വാക്ക്, ഇണയെ കണ്ടെത്തൽ എന്നിങ്ങനെ മനുഷ്യരുടെ ആവശ്യങ്ങൾ വ്യത്യസ്തങ്ങളാണ്. പണമോ, സമയമോ, അധ്വാനമോ മുടക്കില്ലാതെ നമ്മിൽ പലർക്കും ഇത്തരം ആവശ്യങ്ങൾ പരിഹാരം കാണിച്ചുകൊടുക്കാൻ കഴിഞ്ഞേക്കും. സത്യസന്ധമായ ഒരു ആദർശ കൂട്ടായ്മയിൽ ജീവിക്കുമ്പോൾ ഇങ്ങനെ തന്റെ സഹയാത്രികന്റെ പ്രശ്നങ്ങളിൽ ചെറിയ ഒരിടപെടൽകൊണ്ട് വലിയ സഹായം നൽകാൻ കഴിയുമെന്നുറപ്പാണ്.

ശിപാർശ എന്നു പറയുന്ന ഇടപെടൽ സാമൂഹ്യജീവിതത്തിൽ സർവസാധാരണമാണ്. എന്റെ ഈ കാര്യം സാധിപ്പിച്ചുകിട്ടാൻ നിങ്ങളുടെ റെക്കമെന്റ് വേണം എന്ന് കേൾക്കുമ്പോൾ പെട്ടെന്ന് മനസ്സിൽ വരിക ന്യായമല്ലാത്ത വഴിയിൽകൂടി നിവൃത്തിച്ചുകിട്ടുക എന്നതാണ്. ഇങ്ങനെ അന്യായമായ വഴിയിൽ കൂടിയുള്ള ശിപാർശ ഇസ്‌ലാം കഠിനമായി നിരോധിച്ചതാണ്. കാരണം പിൻവാതിലിൽ കൂടി കാര്യം നേടുക എന്നതിനർഥം നേരെ ചൊവ്വെയുള്ള വഴി സ്വീകരിക്കുന്നവരുടെ അവകാശം തട്ടിയെടുക്കുക എന്നാണല്ലോ. നബിﷺ ഏറ്റവുമധികം കോപം പ്രകടിപ്പിച്ച കാര്യമാണ് അന്യായമായ ശിപാർശ.

നബിﷺ മക്കാരാജ്യം കീഴടക്കിയ ആ യാത്രയിൽ (ഫത്ഹുമക്ക) മഖ്സൂം ഗോത്രത്തിലെ ഫാത്വിമ എന്നുപേരുള്ള ഒരു സ്ത്രീ ഒരാഭരണം മോഷ്ടിച്ചു. ഉന്നതകുലത്തിൽ പെട്ട ഈ സ്ത്രീയെ മോഷണത്തിന്നുള്ള ശിക്ഷയിൽനിന്ന് ഒഴിവാക്കിക്കിട്ടാൻ ചിലർ നബിയോട് ശിപാർശ പറയിക്കാൻ തീരുമാനിച്ചു. ഉസാമ‎ؓ ഇതിന്റെ ഗൗരവം ഓർക്കാതെ ആ സ്ത്രീയുടെ കാര്യത്തിൽ ശിക്ഷ ഒഴിവാക്കിക്കൊടുക്കാൻ നബിയോട് ശിപാർശ ചെയ്തു. ഇതുകേട്ട നബിﷺ വല്ലാതെ കോപിച്ചു. മുഖം വിവർണമായി. 'അല്ലാഹുവിന്റെ ശിക്ഷയുടെ കാര്യത്തിലാണോ നിന്റെ ഈ ശിപാർശ?' ഉസാമ‎ؓക്ക് കാര്യം ബോധ്യമായി. അദ്ദേഹം പിൻവാങ്ങിക്കൊണ്ട് പറഞ്ഞു: 'നബിയേ, എനിക്ക് പൊറുത്തുകിട്ടാൻ താങ്കൾ അല്ലാഹുവിനോട് പ്രാർഥിച്ചാലും.'

പിന്നീട് നബിﷺ ഇങ്ങനെ പ്രഖ്യാപിച്ചു: 'നിങ്ങൾക്കു മുമ്പുണ്ടായിരുന്നവർ നശിക്കാനുണ്ടായ കാരണം അവരിലെ മാന്യൻ മോഷ്ടിച്ചാൽ ഒഴിവാക്കിവിടുകയും, ദുർബലൻ മോഷ്ടിച്ചാൽ കൈമുറിക്കുകയും ചെയ്തിരുന്നതുകൊണ്ടാണ്. അല്ലാഹുവാണെ, മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിലും ഞാനവളുടെ കൈ മുറിക്കും" (ബുഖാരി, മുസ്‌ലിം). പിന്നീട് ആ സ്ത്രീയുടെ കൈ മുറിക്കപ്പെട്ടു. ശിഷ്ടകാലം അവർ പശ്ചാത്തപിച്ചു മടങ്ങിയതായി ചരിത്രത്തിലുണ്ട്.

ഇതാണ് ചീത്തശിപാർശ. നല്ല ശിപാർശ ഏറെ പുണ്യകരവും പ്രധാനപ്പെട്ടതുമാണ്. അല്ലാഹു പറയുന്നു: "വല്ലവനും ഒരു നല്ല ശിപാർശ ചെയ്താൽ ആ നന്മയിൽ ഒരു പങ്ക് അവന്നുണ്ടായിരിക്കും. എന്നാൽ വല്ലവനും ഒരു ചീത്ത ശിപാർശ ചെയ്താൽ ആ തിന്മയിൽ ഒരു പങ്കും അവനുണ്ടായിരിക്കും. അല്ലാഹു എല്ലാ കാര്യങ്ങളുടെയും മേൽനോട്ടക്കാരനാകുന്നു" (ക്വുർആൻ 4:85).

അതിനാൽ നാം സഹജീവികൾക്കുവേണ്ടി നല്ല ശിപാർശ ചെയ്യാൻ പിശുക്കു കാണിക്കാതിരിക്കുക. പലരുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ചിലപ്പോൾ നമ്മുടെ ഒരിടപെടൽ മതിയാവും. നിങ്ങൾ അയാളെ ഒന്ന് സഹായിക്കണം എന്ന ഒരു ഫോൺ കോൾ മതി ചിലകാര്യങ്ങൾ പരിഹരിച്ചുകിട്ടാൻ. പരിഹാരം തേടുന്ന പരാതിക്കാർ നമുക്കിടയിൽ തന്നെ ധാരാളമുണ്ടാവുമെന്ന് നാം മറക്കരുത്. സ്വന്തം പ്രയാസങ്ങൾ പറഞ്ഞ് നമ്മെ ശല്യപ്പെടുത്താൻ മടിക്കുന്നവരായിരിക്കും അധികപേരും. ഒരാൾ തന്റെ സഹോദരന് വേണ്ടി അവന്റെ അഭാവത്തിൽ പ്രാർഥിക്കുന്നതതിന് പ്രത്യേകം ഉത്തരം നൽകപ്പെടുമെന്നും അതുപോലെ ഒരു നന്മ പ്രാർഥിക്കുന്നവന്ന് ലഭിക്കുമെന്നും നബിﷺ പറഞ്ഞിട്ടുണ്ട് (മുസ്‌ലിം)

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# സുജൂദിന്റെ മഹത്ത്വം

2

**7. സുജൂദ് ചെയ്ത അവയവങ്ങളെ നരകം സ്പർശിക്കുകയില്ല**

നരകം ഭയാനകമാണ്. നരകശിക്ഷ കഠിനവുമാണ്. അത് സഹിക്കാൻ കഴിയുന്നവരിൽ അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒരാളുമില്ല. നരകശിക്ഷയെക്കുറിച്ച് വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നത് ഇങ്ങനെയാണ്;

"...മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്..." (ക്വുർആൻ 2:24).

വേദനാജനകമായ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരാണ് ഓരോ വിശ്വാസിയും. നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷ എന്തെന്ന് പ്രവാചകൻﷺ അറിയിച്ചുതന്നിട്ടുണ്ട്. തീയിനാലുള്ള ഒരു ജോഡി ചെരുപ്പ് അണിയിക്കലാണ് അത്. അത് ധരിക്കുന്നവന്റെ തലച്ചോറ് ചൂടിന്റെ കാഠിന്യത്താൽ തിളച്ചുമറിയും. അങ്ങനെയുള്ള നരകത്തിൽ പ്രവേശിച്ചവന് ചെറിയ ആശ്വാസം ലഭിക്കാനുള്ള കാരണമായി നബിﷺ പഠിപ്പിച്ചത് സുജൂദ് തന്നെയാണ്.

"...ആദം സന്തതിയെ സുജൂദ് ചെയ്ത അടയാളമൊഴിച്ച് നരകം തിന്നുന്നതാണ്. സുജൂദ് ചെയ്ത അടയാളം നരകത്തിന് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു..." (മുസ്‌ലിം: 182).

### 8. പാപങ്ങൾ കൊഴിഞ്ഞുവീഴാൻ കാരണമാകുന്ന ഇബാദത്ത്

മനുഷ്യജീവിതത്തിൽ അറിഞ്ഞും അറിയാതെയും വന്നുപോകുന്ന വലുതും ചെറുതുമായ നിരവധി പാപങ്ങളുണ്ട്. വൻപാപങ്ങൾ തൗബയിലൂടെ മാത്രമെ പൊറുക്കപ്പെടുകയുള്ളൂ. എന്നാൽ ചെറിയ പാപങ്ങൾ ചില സൽകർമങ്ങളിലൂടെ അല്ലാഹു പൊറുത്തു തരുമെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. അതിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് സുജൂദ്. സുജൂദ് ചെയ്യുന്ന ഒരുവന്റെ പാപങ്ങൾ അവനിൽനിന്ന് കൊഴിഞ്ഞ് വീഴുന്നതാണ്. നബിﷺ പറഞ്ഞു:

"ഒരു അടിമ നമസ്കാരത്തിന് വേണ്ടി എഴുന്നേറ്റുനിന്നാൽ അവന്റെ പാപങ്ങൾ മുഴുവൻ കൊണ്ടുവരപ്പെടും. അത് അവന്റെ മുതുകിലും പിരടിയിലും വെച്ചുകൊടുക്കും. എന്നിട്ട് അവൻ റുകൂഇലും സുജൂദിലും ആയിരിക്കെ ആ പാപങ്ങൾ അവനിൽനിന്ന് കൊഴിഞ്ഞുവീഴും" (ഇബ്നുഹിബ്ബാൻ).

### 9. ആത്മാർഥതയുടെ അടയാളം

സുജൂദ് നിർവഹിക്കേണ്ടത് നിഷ്കളങ്കമായിക്കൊണ്ടാണ്. ആരെങ്കിലും കാണാൻ വേണ്ടിയും പ്രശസ്തിയാഗ്രഹിച്ചും നിർവഹിക്കുന്ന ഒരു കർമത്തിനും ഇസ്‌ലാമിൽ സ്ഥാനമില്ല. നിർവഹിക്കുന്ന കർമങ്ങൾ മുഴുവനും അല്ലാഹുവിനെ തൃപ്തിപ്പെടുത്തിയും അവനിൽ പ്രതീക്ഷയർപ്പിച്ചും അവനെ ഭയപ്പെട്ടും അവന്റെ കൽപന അനുസരിച്ചും അവന്റെ പ്രതിഫലം ആഗ്രഹിച്ചും ആയിരിക്കണം. അല്ലെങ്കിൽ പ്രതിഫലത്തിനു പകരം ശിക്ഷയായിരിക്കും ലഭിക്കുക. മാത്രവുമല്ല, ആരെ കാണിക്കാനാണോ സൽകർമങ്ങൾ പ്രവർത്തിച്ചത് അവരിൽനിന്നു തന്നെ പ്രതിഫലം ചോദിക്കുവാൻ അന്ത്യനാളിൽ അല്ലാഹു കൽപിക്കും.

സുജൂദ് ചെയ്യുന്ന സമയത്തും ഇഖ്‌ലാസ് അഥവാ നിഷ്കളങ്കത അനിവാര്യമാണ്. ഇഖ്‌ലാസ് ഇല്ലാതെ സുജൂദ് ചെയ്താൽ അതുനിമിത്തം നിന്ദ്യരാകേണ്ടി വരും. അല്ലാഹു പറയുന്നു:

"കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്കതിന് സാധിക്കുകയില്ല. അവരുടെ കണ്ണുകൾ കീഴ്പോട്ട് താഴ്ന്നിരിക്കും. നിന്ദ്യത അവരെ ആവരണം ചെയ്യും. അവർ സുരക്ഷിതരായിരുന്ന സമയത്ത് സുജൂദിനായി അവർ ക്ഷണിക്കപ്പെട്ടിരുന്നു" (ക്വുർആൻ 68:42,43).

അന്ത്യനാളിലെ അതിഗൗരവ ഘട്ടമാണ് ഇവിടെ ഉദ്ദേശ്യം. ലോകരക്ഷിതാവായ അല്ലാഹു സൃഷ്ടികളെ വിചാരണക്കെടുക്കുന്ന അവസരത്തിൽ അവിശ്വാസികൾ അങ്ങേയറ്റം നിന്ദ്യരും ഹീനരുമായിക്കൊണ്ട് ലജ്ജിച്ചു തലതാഴ്ത്തി കീഴ്പോട്ട് നോക്കിക്കൊണ്ടിരിക്കും. ഈ അവസരത്തിൽ അവരോട് അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുവാൻ ആവശ്യപ്പെടുമെന്നും അവർക്കതിന് സാധിക്കുന്നതല്ലെന്നും അല്ലാഹു നമ്മെ അറിയിക്കുകയാണ്. ഇഹത്തിൽവെച്ച് അല്ലാഹുവിന് സുജൂദ് ചെയ്യാനുള്ള ക്ഷണം അവർ നിരസിക്കുകയാണുണ്ടായത്. എന്നാൽ, ഇപ്പോൾ അവർ അതിന് പരിപൂർണമായും തയ്യാറാണ്. പക്ഷേ, അവർക്കതിന് സാധ്യമാകുകയില്ല. അവരോട് ഈ അവസരത്തിൽ സുജൂദ് ചെയ്യുവാൻ ആവശ്യപ്പെടുന്നതിന്റെ ഉദ്ദേശ്യം, അവരെ വഷളാക്കലും നിന്ദിക്കലുമാണെന്ന് വ്യക്തമാണല്ലോ.

അബൂസഈദിൽ ഖുദ്‌രിﷺ നിവേദനം; നബിﷺ പറഞ്ഞു: "...സത്യവിശ്വാസികളായ ഓരോ പുരുഷനും സ്ത്രീയും അല്ലാഹുവിന് സുജൂദ് ചെയ്യും. ഇഹത്തിൽവെച്ച് കീർത്തിക്കും പ്രശസ്തിക്കും വേണ്ടി സുജൂദ് ചെയ്തുവന്നിരുന്നവർ ബാക്കിയാകും. ഈ അവസരത്തിൽ അവരും സുജൂദ് ചെയ്യുവാൻ ശ്രമിക്കും. എന്നാൽ അവരുടെ മുതുക് (വളയാതെ) ഒരേ നട്ടെല്ലായിത്തീരുന്നതാണ് (അവർക്ക് സുജൂദ് ചെയ്യാൻ സാധിക്കുകയില്ല)" (ബുഖാരി: 4919).

സുജൂദ് നാലുതരമുണ്ട്: 1)നമസ്കാരത്തിൽ നിർവഹിക്കുന്ന സുജൂദ് (നിർബന്ധമായതും ഐഛികമായതുമായ നമസ്കാരത്തിന്റെ ഭാഗമായുള്ളത്). 2) സുജൂദുസ്സഹ്‌വ് (നമസ്കാരത്തിൽ മറവി സംഭവിച്ചാൽ നിർവഹിക്കുന്ന സുജൂദ്) 3) ശുക്‌റിന്റെ (നന്ദിയുടെ) സുജൂദ്. 4) തിലാവത്തിന്റെ സുജൂദ് (ക്വുർആൻ പാരായണം ചെയ്യുമ്പോൾ സുജൂദിന്റെ വചനം (ആയത്ത്) പാരായണം ചെയ്താൽ നിർവഹിക്കുന്ന സുജൂദ്).

നന്ദിയുടെ സുജൂദിനെക്കുറിച്ച് അൽപം വിശദീകരിക്കാം: ഒരു സത്യവിശ്വാസിക്ക് ജീവിതത്തിൽ ഏതെങ്കിലും പ്രയാസം നീങ്ങുക, ഐശ്വര്യം കൈവരുക എന്നതൊക്കെ സന്തോഷമുണ്ടാക്കുന്ന കാര്യമാണല്ലോ. ഇത്തരം ഘട്ടങ്ങളിൽ നന്ദിസൂചകമായി ചെയ്യുന്ന സുജൂദാണ് ശുക്‌റിന്റെ സുജൂദ്. ഇതുമായി ബന്ധപ്പെട്ട് സ്ഥിരപ്പെട്ടുവന്ന ഹദീഥുകളിൽ ചിലത് ഇവിടെ ഉദ്ധരിക്കാം:

അബൂബക്ർﷺവിൽനിന്നും നിവേദനം: "പ്രവാചകൻﷺ അദ്ദേഹത്തിന് സന്തോഷമുള്ള വല്ല വാർത്തയും സംഭവിക്കുകയോ അറിയിക്കപ്പെടുകയോ ചെയ്താൽ അല്ലാഹുവിനുള്ള നന്ദിയെന്നോണം സുജൂദിൽ വീഴാറുണ്ടായിരുന്നു" (അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ, തിർമിദി എന്നീ നാല് ഇമാമുമാരും ഉദ്ധ

രിച്ച ഹദീഥാണിത്. ശൈഖ് അൽബാനി ഹസനായി രേഖപ്പെടുത്തിയിട്ടുണ്ട്).

അബ്ദുർറഹ്മാനുബ്നു ഔഫ്ﷺ പറയുന്നു: "ഒരിക്കൽ റസൂൽﷺ തന്റെ വീട്ടിൽനിന്നും പുറത്ത് വരികയും സ്വദക്വ (ദാനധർമവസ്തുക്കൾ) സൂക്ഷിക്കുന്ന ഭാഗത്തേക്ക് പ്രവേശിക്കുകയും ചെയ്തു. എന്നിട്ട് ക്വിബ്‌ലയെ മുൻനിർത്തി അദ്ദേഹം സുജൂദിൽവീണു. വളരെയധികം നേരം അദ്ദേഹം സുജൂദിൽ തുടർന്നു. ശേഷം അദ്ദേഹം തന്റെ തലയുയർത്തി. എന്നിട്ട് ഇപ്രകാരം പറഞ്ഞു: ജിബ്‌രീൽ(അ) എന്റെ അരികിൽ വരികയും എനിക്കൊരു സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു; പരിശുദ്ധനും പരമോന്നതനുമായ അല്ലാഹു താങ്കളോട് ഇപ്രകാരം പറഞ്ഞിട്ടുണ്ട്; ആരെങ്കിലും താങ്കളുടെമേൽ സ്വലാത്ത് ചൊല്ലിയാൽ ഞാനും അവന്റെമേൽ സ്വലാത്ത് ചൊല്ലും. ആരെങ്കിലും താങ്കളുടെമേൽ സലാം പറഞ്ഞാൽ ഞാനും അവന്റെ മേൽ സലാം പറയും. അത് കേട്ടപ്പോഴാണ് ഞാൻ അല്ലാഹുവിനുള്ള നന്ദിയെന്നോണം സുജൂദ് ചെയ്തത്" (ഇമാം അഹ്മദ് ഉദ്ധരിച്ചത്. ശുഐബ് അൽഅർനാഊത്ത് ഹസനായി രേഖപ്പെടുത്തിയ ഹദീഥ്).

'അല്ലാഹു അവന്റെമേൽ സ്വലാത്ത് ചൊല്ലും' എന്നതിന്റെ വിവക്ഷ അവനെ സംബന്ധിച്ച് അല്ലാഹുവിന്റെ സന്നിധിയിൽ ഉള്ളവരോട് പുകഴ്ത്തിപറയും എന്നതാണ്. ഇപ്രകാരമാണ് സലഫുസ്സ്വാലിഹുകൾ വിശദീകരിച്ചിട്ടുള്ളത്. അതുപോലെ അല്ലാഹുവിന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനും സ്വലാത്ത് എന്ന പ്രയോഗം വിശുദ്ധ ക്വുർആനിൽ പ്രയോഗിച്ചിട്ടുണ്ട്. കൂടുതൽ അറിയാൻ ശൈഖ് ഇബ്നുബാസിന്റെ ഈ വിശദീകരണം പരിശോധിക്കുക: http://www. binbaz.org.sa/mat/9051

ഇമാം ഇബ്നുൽക്വയ്യിം(റഹി) പറയുന്നു: "(തനിക്ക് അല്ലാഹു പൊറുത്ത് തന്നതായി) സന്തോഷവാർത്ത അറിയിച്ചുകൊണ്ട് വന്നയാളുടെ ശബ്ദം കേട്ടപാട് കഅബ്ബിൻമാലിക്ﷺ സുജൂദ് ചെയ്തു എന്നതിൽനിന്നു തന്നെ, ശുക്‌റിന്റെ സുജൂദ് എന്നത് സ്വഹാബത്ത് സാധാരണ ചെയ്യാറുണ്ടായിരുന്ന ഒരു കാര്യമാണ് എന്ന് വളരെ വ്യക്തമാണ്. അനുഗ്രഹങ്ങൾ ലഭിക്കുമ്പോഴും പ്രയാസങ്ങൾ നീങ്ങുമ്പോഴും നിർവഹിക്കുന്ന ശുക്‌റിന്റെ സുജൂദ് ആണത്. പ്രവാചകത്വം അവകാശപ്പെട്ട കള്ളനായ മുസൈലിമത്തിന്റെ മരണവാർത്ത കേട്ടപ്പോൾ മഹാനായ അബൂബക്ർ സ്വിദ്ദീക്ﷺ ശുക്‌റിന്റെ സുജൂദ് ചെയ്തിട്ടുണ്ട്. (ഖവാരിജുകളുമായി യുദ്ധം ചെയ്ത വേളയിൽ അവരുടെ അടയാളമായി അവരോടൊപ്പം ഉണ്ടാകുമെന്ന് നബിﷺ പ്രവചിച്ച, കൈമുട്ടിന് മുകളിലുള്ള ഭാഗത്ത് മുലപോലെ ഇറച്ചി തൂങ്ങിയ ഹുർഖൂസ് ബിൻസുഹൈർ എന്ന) മനുഷ്യനെ കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽ കണ്ടപ്പോൾ അലിﷺയും ശുക്‌റിന്റെ സുജൂദ് ചെയ്തിട്ടുണ്ട്. അതുപോലെ തന്റെമേൽ ആര് സ്വലാത്ത് ചൊല്ലുന്നുവോ അവരുടെമേൽ അല്ലാഹു പത്ത് സ്വലാത്ത് ചൊല്ലും എന്ന് ജിബ്‌രീൽ(അ) സന്തോഷവാർത്ത അറിയിച്ചപ്പോൾ നബിﷺയും സുജൂദ് ചെയ്തിട്ടുണ്ട്..." (സാദുൽ മആദ് 3/511).

## ശുക്‌റിന്റെ സുജൂദിന്റെ രൂപം

സാധാരണ നമസ്‌കാരത്തിലോ അല്ലാതെയോ നിർവഹിക്കപ്പെടുന്ന സുജൂദുകളെപ്പോലെത്തന്നെ യാണ് ശുക്‌റിന്റെ സുജൂദിന്റെ രൂപവും. എന്നാൽ നമസ്‌കാരത്തിലെ സുജൂദുകൾക്ക് ആവശ്യമായ അംഗശുദ്ധി പോലെയുള്ള നിബന്ധനകൾ ശുക്‌റിന്റെ സുജൂദിന് ബാധകമാണോ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. അത് സ്വീകാര്യയോഗ്യമാവാൻ അംഗശുദ്ധി ഒരു നിബന്ധനയല്ല എന്നതാണ് പ്രബലമായ അഭിപ്രായം. കാരണം സന്തോഷത്തിന്റെ സന്ദർഭത്തിൽ പ്രവാചകനും സ്വഹാബത്തും നേരിട്ട് സുജൂദ് നിർവഹിച്ചതായാണ് റിപ്പോർട്ടുകൾ. അതിനു മുമ്പ് അവർ അംഗശുദ്ധി വരുത്തിയതായോ, വരുത്താൻ കൽപിച്ചതായോ പ്രതിപാദിക്കപ്പെട്ടിട്ടില്ല. അതുപോലെ തക്ബീർ കെട്ടലും സലാംവീട്ടലും ശുക്‌റിന്റെ സുജൂദിൽ ഇല്ല. നേരിട്ട് സുജൂദിലേക്ക് പോകുകയാണ് ചെയ്യുന്നത്. അതിൽനിന്ന് നേരിട്ട് എഴുന്നേൽക്കുകയും ചെയ്യുന്നു. അപ്രകാരമാണ് ഹദീഥുകളിൽ കാണാൻ സാധിക്കുന്നത്. ഒരൊറ്റ സുജൂദ് ആണ് ശുക്‌റിന്റെ സുജൂദ്. ഈ നിയമങ്ങളിലെല്ലാം ക്വുർആൻ പാരായണത്തിന്റെ സുജൂദും ശുക്‌റിന്റെ സുജൂദ് പോലെത്തന്നെയാണ്.

## ശുക്‌റിന്റെ സുജൂദിൽ എന്താണ് പ്രാർഥിക്കേണ്ടത്?

മറ്റേത് സുജൂദിലും പ്രാർഥിക്കുന്ന പ്രാർഥന തന്നെയാണ് ഇതിലും പ്രാർഥിക്കേണ്ടത്. അതോടൊപ്പം അല്ലാഹുവെ ധാരാളമായി സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യാം. അതാണല്ലോ ശുക്‌റിന്റെ സുജൂദിന്റെ ഉദ്ദേശ്യവും. എന്നാൽ ശുക്‌റിന്റെ സുജൂദിനായി പ്രത്യേകം ഒരു പ്രാർഥനയില്ല.

**Ref:**

1) ക്വുർആൻ

2) ബുഖാരി

3) മുസ്‌ലിം

4) വിശുദ്ധ ക്വുർആൻ വിവരണം, മുഹമ്മദ് അമാനി മൗലവി.

5) ശുക്‌റിന്റെ സുജൂദ്; രൂപവും പ്രാർഥനയും-അബ്ദുറഹ്മാൻ അബ്ദുല്ലത്വീഫ്. പി.എൻ (https://www.fiqhussunna.com/2014/11/blogpost_27.html)

കവർ സ്റ്റോറി

സലീം പട്‌ല
usmanpalakkazhi@gmail.com



# യേശുക്രിസ്തു വിശുദ്ധ ക്വുർആനിലും ബൈബിളിലും

**യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട ഓർമ പുതുക്കുന്ന ക്രിസ്തുമസ് ആഘോഷവേളയിലാണ് ലോകമെമ്പാടുമുള്ള ക്രൈസ്തവർ. സെമിറ്റിക് മതങ്ങളിലെല്ലാം ഏറെ പ്രാധാന്യമർഹിക്കുന്നതും വ്യത്യസ്തത പുലർത്തുന്നതുമായ സ്ഥാനമാണ് യേശുവിനുള്ളത്. പ്രബല മതവിഭാഗങ്ങളായ ഇസ്‌ലാമും ക്രിസ്തുമതവും യേശുവിനെക്കുറിച്ച് വച്ചുപുലർത്തുന്ന വിശ്വാസങ്ങളിലെ സാമ്യതകളും വൈജാത്യങ്ങളും എന്തൊക്കെ? ഒരു താരതമ്യ പഠനം.**

ഇസ്രാഈൽ ജനതയിലേക്ക് അല്ലാഹു നിയോഗിച്ച മഹാനായ പ്രവാചകനാണ് യേശുക്രിസ്തു അഥവാ ഈസാനബി(അ). യേശുക്രിസ്തുവിനെ കുറിച്ച് തികച്ചും തീവ്രമായ നിലപാടുകൾ വെച്ചുപുലർത്തുന്ന രണ്ട് വിരുദ്ധ ചേരികളാണ് ജൂതരും ക്രിസ്ത്യാനികളും. യഹൂദർ വ്യഭിചാരപുത്രനും വ്യാജപ്രവാചകനും മരക്കുരിശിൽ തൂക്കപ്പെട്ട അഭിശപ്തനുമാക്കി ക്രിസ്തുവിനെ തള്ളിക്കളയുമ്പോൾ, ദൈവപുത്രനും സാക്ഷാൽ ദൈവവും യേശു തന്നെയാണെന്ന് വാദിച്ച് ക്രൈസ്തവർ അതിരുകവിയുന്നു. ഫലത്തിൽ അതീവ ഗുരുതരമായ ആരോപണങ്ങളാണ് ഇരുപക്ഷവും ആ പ്രവാചകനെതിരെ ഉന്നയിച്ചിരിക്കുന്നത്.

തെളിവുകളുടെ പിൻബലമില്ലാത്ത ഇത്തരം അബദ്ധധാരണകളെയും വികല വിശ്വാസങ്ങളെയും ദൈവിക ഗ്രന്ഥമായ വിശുദ്ധ ക്വുർആൻ നിശിതമായി വിമർശിക്കുകയും തിരുത്തുകയും യേശുക്രിസ്തുവിന്റെ തെളിമയാർന്ന വ്യക്തിത്വം ലോകത്തിന് മുമ്പിൽ ഉയർത്തിക്കാട്ടുകയും ചെയ്യുന്നുണ്ട്. പൗരോഹിത്യത്തിന്റെ കൈകടത്തലുകൾക്ക് വിധേയമായ നിലവിലുള്ള ബൈബിൾ പുസ്തകങ്ങളിൽ പോലും സത്യാസത്യവിവേചന പ്രമാണവും അവസാനത്തെ വേദഗ്രന്ഥവുമായ വിശുദ്ധ ക്വുർആനിന്റെ ആശയങ്ങളെ ശരിവെക്കുന്നതും സത്യപ്പെടുത്തുന്നതുമായ വാക്യങ്ങൾ അത്ഭുതകരമായി നിലനിൽക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിലുള്ള ചെറിയ പഠനമാണിത്.

### യേശുവിന്റെ 'തിരുപ്പിറവി'

വിശുദ്ധ ക്വുർആൻ പേരെടുത്ത് പറഞ്ഞ ഏക വനിതയാണ് യേശുവിന്റെ മാതാവായ മർയം. മർയമിന്റെ ജനനത്തെക്കുറിച്ചും (3/35-36) മർയമിലൂടെ വെളിപ്പെട്ട അത്ഭുതത്തെക്കുറിച്ചും (3/37) മർയമിന്റെ മഹത്ത്വത്തെക്കുറിച്ചുമെല്ലാം (3/42-43; 66/11-12) വിശുദ്ധ ക്വുർആൻ വിശദമായിത്തന്നെ സംസാരിക്കുന്നുണ്ട്.

പരിശുദ്ധാത്മാവ് (ജിബ്‌രീൽ/ഗബ്രിയേൽ) മനുഷ്യരൂപത്തിലെത്തുന്നതും മനുഷ്യനാണെന്ന് തെറ്റിദ്ധരിച്ച് മർയം അല്ലാഹുവിൽ അഭയം തേടുന്നതും ജിബ്‌രീൽ(عليه السلام) തന്റെ വരവിന്റെ ഉദ്ദേശ്യമായ യേശുവിന്റെ തിരുപ്പിറവിയെക്കുറിച്ച് അറിയിക്കുന്നതും വിശുദ്ധ ക്വുർആൻ 19ാം അധ്യായം 16 മുതൽ 21 വരെയുള്ള വചനങ്ങളിലുണ്ട്.

മലക്കുകൾ യേശുവിനെക്കുറിച്ച് മർയമിനെ അറിയിച്ച സന്തോഷവാർത്തയും (3/45-47) മർയം യേശുവിനെ ഗർഭം ധരിക്കുന്നതും വീട്ടിൽനിന്നും മാറിത്താമസിക്കുന്നതും പ്രസവിച്ച് കൈക്കുഞ്ഞുമായി നാട്ടുകാരിലേക്ക് പോകുന്നതും നാട്ടുകാർ മർയമിനെതിരെ വ്യഭിചാരാരോപണമുന്നയിക്കുന്നതും മാതാവിന്റെ ചാരിത്രശുദ്ധി ചോദ്യം ചെയ്തവർക്ക് തൊട്ടിലിൽ കിടക്കുന്ന കുഞ്ഞ് മറുപടി പറയുന്നതുമായ അത്ഭുത സംഭവങ്ങൾ വിശുദ്ധ ക്വുർആൻ 19ാം അധ്യായം 22 മുതൽ 33 വരെയുള്ള വചനങ്ങളിൽ വിശദീകരിക്കുന്നു.

യേശുവിന്റെയും മാതാവിന്റെയും ചരിത്രം സത്യസന്ധമായി പഠിപ്പിച്ചുതരികയും അവരെ പരിശുദ്ധപ്പെടുത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്ന ഏകഗ്രന്ഥം വിശുദ്ധ ക്വുർആനാണ് എന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.

### യേശുക്രിസ്തു മഹാനായ പ്രവാചകൻ

മനുഷ്യർക്ക് നന്മതിന്മകളും ശരിതെറ്റുകളും സന്മാർഗവും ദുർമാർഗവും വേർത്തിരിച്ച് വ്യക്തമാക്കിക്കൊടുക്കാനും ദൈവിക കൽപനകളനുസരിച്ച് ജീവിച്ചു കാണിച്ച് കൊടുക്കാനും സർവലോകരക്ഷിതാവ് മനുഷ്യരിൽനിന്നുതന്നെ തെരഞ്ഞെടുത്ത് അയച്ചവരാണ് പ്രവാചകൻമാർ (നബിമാർ).

പ്രവാചകൻമാരുടെ പേരുകൾ പരാമർശിക്കുമ്പോൾ യേശുവിന്റെ പേരും വിശുദ്ധ ക്വുർആൻ എടുത്തു പറയുന്നുണ്ട് (6/84-86). റസൂൽ (ദൂതൻ) (5/73), അല്ലാഹുവിന്റെ റസൂൽ (4/157,4/171) എന്നൊക്കെ യേശുവിനെ അല്ലാഹു പരിചയപ്പെടുത്തുന്നതായി കാണാം. നിങ്ങളിലേക്ക് അല്ലാഹു അയച്ച ദൂതനാണ് ഞാനെന്നാണ് യേശു ഇസ്രാഈൽ മക്കളോട് പറയുന്നത് (61/6). എനിക്ക് വേദഗ്രന്ഥം നൽകിയിട്ടുണ്ടെന്നും എന്നെ നബിയാക്കിയിട്ടുണ്ടെന്നും യേശു പറയുന്നുണ്ട് (19/30).

ഇസ്രാഈൽ മക്കളിലേക്കാണ് യേശുവിന്റെ നിയോഗമെന്നും വിശുദ്ധ ക്വുർആൻ (61/6) അറിയിച്ചു തരുന്നുണ്ട്. യേശുക്രിസ്തു പ്രവാചകനാണെന്നും ദൈവം അയച്ചതാണെന്നും പ്രഖ്യാപിക്കുന്ന അനേകം വചനങ്ങൾ ബൈബിളിലുമുണ്ട്. (മാർക്ക്: 6/4; ലൂക്ക: 4/24; യോഹ: 17/3, 7/1618, 11/42, 12/49,50, 11/41,42, 7/28,29, 2/44, 4/34,16/30, 9/33).

> **മലക്കുകൾ യേശുവിനെക്കുറിച്ച് മർയമിനെ അറിയിച്ച സന്തോഷവാർത്തയും (3/45-47) മർയം യേശുവിനെ ഗർഭം ധരിക്കുന്നതും വീട്ടിൽ നിന്നും മാറിത്താമസിക്കുന്നതും പ്രസവിച്ച് കൈക്കുഞ്ഞുമായി നാട്ടുകാരിലേക്ക് പോകുന്നതും നാട്ടുകാർ മർയമിനെതിരെ വ്യഭിചാരാരോപണമുന്നയിക്കുന്നതും മാതാവിന്റെ ചാരിത്രശുദ്ധി ചോദ്യം ചെയ്തവർക്ക് തൊട്ടിലിൽ കിടക്കുന്ന കുഞ്ഞ് മറുപടി പറയുന്നതുമായ അത്ഭുത സംഭവങ്ങൾ ക്വുർആൻ 19ാം അധ്യായം 22 മുതൽ 33 വരെയുള്ള വചനങ്ങളിൽ വിശദീകരിക്കുന്നു. യേശുവിന്റെയും മാതാവിന്റെയും ചരിത്രം സത്യസന്ധമായി പഠിപ്പിച്ചുതരികയും അവരെ പരിശുദ്ധപ്പെടുത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്ന ഏകഗ്രന്ഥം വിശുദ്ധ ക്വുർആനാണ് എന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.**

ഇസ്രായേലി സന്തതികളിലേക്കാണ് യേശുക്രിസ്തുവിന്റെ നിയോഗമെന്നാണ് ബൈബിളും പറയുന്നത്.(മത്താ: 15/24;10/5,6). യെരൂശലേം നിവാസികളും(മത്താ: 21/10,11) യേശുവിന്റെ ജനതയും (മത്താ: 21/45,46) യേശുവിന്റെ ശിഷ്യന്മാരും (ലൂക്ക: 24/19, 20) നയീം പട്ടണക്കാരും (ലൂക്ക: 7/16) അടക്കമുള്ള സമകാലികർ ദൈവത്തിന്റെ പ്രവാചകനാണ് യേശുവെന്നാണ് മനസ്സിലാക്കിയത്.

യേശുവിന്റെ അത്ഭുതം നേരിൽ കണ്ട ശമരിയ്യക്കാരിയും (യോഹ:4/19) യേശുവിന്റെ അത്ഭുത പ്രവർത്തനംവഴി കാഴ്ച ലഭിച്ച മനുഷ്യനു(യോഹ:19/17)മൊക്കെ യേശുവിനെക്കുറിച്ച് വിശ്വസിച്ചത് പ്രവാചകനാണെന്നു തന്നെയാണ്.

## ദൈവത്തിന്റെ ദാസൻ

സർവലോകരക്ഷിതാവായ അല്ലാഹുവിന്റെ ദാസൻമാരും അടിയാൻമാരും സേവകരുമാണ് സൃഷ്ടികളായ സർവ ചരാചരങ്ങളും.

'ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസനെന്ന നിലയിൽ പരമകാരുണികന്റെ അടുത്ത് വരുന്നവൻ മാത്രമായിരിക്കും' എന്നാണ് വിശുദ്ധ ക്വുർആൻ (19/93) പറയുന്നത്. നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു എന്നാണ് യേശുവിനെ അല്ലാഹു വിശേഷിപ്പിച്ചത് (43/59).

അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിലോ ആരാധനകളർപ്പിക്കുന്നതിലോ യേശുക്രിസ്തുവോ അല്ലാഹുവിന്റെ മലക്കുകളോ ഒരിക്കലും വൈമനസ്യം കാണിക്കുന്നവരല്ല (4/172).

'ഞാൻ അല്ലാഹുവിന്റെ ദാസ(അബ്ദുല്ലാഹ്)നാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു' എന്ന് യേശു പറഞ്ഞതായി വിശുദ്ധ ക്വുർആനിൽ (19/30) കാണാം.

പ്രവാചകൻമാരായ അബ്രഹാമിനെയും (ഉൽപ:26/24) യാക്കോബിനെയും (യെശയ്യാ: 41/8) ദാവീദിനെയും (സങ്കീർ: 116/16) ഇയ്യോബിനെയും (ഇയ്യോ: 1/8) മോശെയെയും (പുറ: 14/31) ദൈവത്തിന്റെ ദാസനെന്നാണ് ബൈബിൾ വിശേഷിപ്പിച്ചത്. യേശുവിന്റെ മാതാവായ മർയമിനെ കർത്താവിന്റെ ദാസിയെന്നും (ലൂക്ക: 1/38) യേശുവിനെ ദൈവത്തിന്റെ ദാസനെന്നുമാണ് (മത്താ:12/17; അപ്പോ: 3/13; 4/27; 4/30) ബൈബിൾ പരിചയപ്പെടുത്തുന്നത്.

ഒരു അടിമ തന്റെ യജമാനനും ഉടമയുമായ സ്രഷ്ടാവിന്റെ മുമ്പിൽ അർപ്പിക്കുന്ന അങ്ങേയറ്റത്തെ വിനയത്തിന്റെയും താഴ്മയുടെയും പ്രകടനമായ സാഷ്ടാംഗം നമിക്കൽ യേശുക്രിസ്തുവും ചെയ്തിരുന്നതായി ബൈബിളിലുണ്ട് (മത്താ: 26/39; ലൂക്ക: 22/40).

## യേശുക്രിസ്തുവിന്റെ മുഖ്യ പ്രബോധനം

കാലാകാലങ്ങളിൽ വിവിധ ദേശങ്ങളിൽ, വ്യത്യസ്ത സമൂഹങ്ങളിൽ ദൈവത്താൽ നിയുക്തരായ പ്രവാചകൻമാർ നടത്തിയ പ്രബോധനത്തിന്റെ കാതലായവശം കണിശമായ ഏകദൈവത്വമായിരുന്നു. ആരാധനയുടെ, പ്രാർഥനയുടെ, പരമമായ കീഴ്വണക്കത്തിന്റെ ഒരംശവും ലോകരക്ഷിതാവിനല്ലാതെ സമർപ്പിച്ചുകൂടെന്നും, അവന്റെ അസ്തിത്വംപോലെ മറ്റൊരസ്തിത്വമില്ലെന്നും അവന്റെ ഗുണങ്ങൾക്ക് തുല്യമായ ഗുണമുള്ളവരോ അവന്റെ നാമങ്ങൾക്ക് തുല്യമായ നാമമുള്ളരോ അവന്റെ വിശേഷണങ്ങൾക്ക് തുല്യമായ വിശേഷണങ്ങളുള്ളവരോ ഇല്ലെന്നും അവന്റെ പ്രവർത്തനങ്ങൾക്ക് തുല്യമായി പ്രവർത്തനങ്ങൾ നടത്തുന്നവരായി ആരുമില്ലെന്നും യാതൊരു സൃഷ്ടിക്കും ദിവ്യത്വം കൽപിക്കരുതെന്നും അങ്ങനെ ചെയ്താൽ നരകത്തിൽ നിത്യവാസിയായിത്തീരുമെന്നുമുള്ള സന്ദേശങ്ങളായിരുന്നു അവരുടെ പ്രബോധനത്തിന്റെ പ്രധാന ഭാഗം. (ക്വുർആൻ: 21/25; 16/36; 7/59; 29/16,17; 11/50; 11/61; 11/84; 11/90; 37/123-126; 12/39,40; 11/2; 3/64).

ഇസ്രാഈൽ സമൂഹത്തിലേക്ക് ദൈവദൂതുമായി വന്ന യേശുക്രിസ്തുവിന്റെയും പ്രധാനകൽപന കലർപ്പില്ലാത്ത ഏകദൈവ വിശ്വാസം തന്നെയായിരുന്നു എന്ന് വിശുദ്ധ ക്വുർആൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

"തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായമാർഗം" (ക്വുർആൻ: 3/51; 43/63,64; 19/36; 5/114).

അദ്ദേഹം ബഹുദൈവവിശ്വാസത്തിന്റെ ഗൗരവം ഇസ്രാഈൽ മക്കളെ ബോധ്യപ്പെടുത്തിയത് വിശുദ്ധ ക്വുർആൻ എടുത്തുദ്ധരിക്കുന്നുണ്ട്: "...ഇസ്രാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (ക്വുർആൻ 5/72).

യേശുവിന്റെ പ്രബോധനത്തിന്റെ പ്രധാന കൽ

പനയായി ബൈബിളും പഠിപ്പിക്കുന്നത് ഏകദൈവ വിശ്വാസം തന്നെയാണ്. എല്ലാറ്റിലും മുഖ്യകൽപന ഏത് എന്ന ചോദ്യത്തിന് യേശു പറഞ്ഞ ഉത്തരമിതാണ്: "എല്ലാറ്റിലും മുഖ്യകൽപനയോ? യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ മനസ്സോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കേണം എന്ന് ആകുന്നു" (മാർക്ക്: 12/29,30).

"നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ' എന്നാണ് യേശു വേറൊരു സ്ഥലത്ത് പറയുന്നത്. (മത്തായി: 4/10; ലൂക്ക: 4/8).ന്യായപ്രമാണത്തിലെ മുഖ്യകൽപന യേശു ആവർത്തിക്കുകയാണിവിടെ.

"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആണെന്നും..." (യോഹ: 17/3).

സ്രഷ്ടാവിനെയാണ് ഭയക്കേണ്ടത്; സൃഷ്ടികളെയല്ല എന്നും ക്രിസ്തു ഇസ്രാഈല്യരെ ഉണർത്തുന്നുണ്ട്: (മത്തായി: 10/28; ലൂക്ക: 12/4,5).

## യേശുക്രിസ്തു ആരോട് പ്രാർഥിച്ചു?

ഒരു സൃഷ്ടി തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന സ്രഷ്ടാവിനോട് അർപ്പിക്കുന്ന മഹത്തായ നന്ദി പ്രകടനമാണ് പ്രാർഥന. എല്ലാ ആരാധനകളുടെയും ജീവനും പ്രാർഥന തന്നെയാണ്. പ്രാർഥന ആരാധനയാണ്. അതിനാൽ പ്രാർഥനകളെല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്ന, ഉപജീവനമേകുന്ന, കഷ്ടപ്പെടുന്നവന്റെ വിളികേൾക്കുന്ന, ആഗ്രഹങ്ങൾ സഫലീകരിച്ചുതരുന്ന, മാർഗം കാണിക്കുന്ന, അനുഗ്രഹമരുളുന്ന സാക്ഷാൽ ആരാധ്യനോട് മാത്രമെ പാടുള്ളൂ. സൃഷ്ടികൾ എത്ര ഉന്നതരായാലും അവരതിന് അർഹരല്ല. സൃഷ്ടികളോടുള്ള പ്രാർഥന സ്രഷ്ടാവ് പൊറുക്കാത്ത മഹാപാപമാണ്.

പ്രവാചകൻമാരുടെ പ്രാർഥനകളടക്കം നിരവധി പ്രാർഥനകൾ വിശുദ്ധ ക്വുർആനിലുണ്ട്. മധ്യവർത്തികളും ഇടയാളൻമാരുമില്ലാതെ സത്യദൈവമായ അല്ലാഹുവോട് നേരിട്ടാണ് ആ പ്രാർഥനകളെല്ലാം. യേശുക്രിസ്തുവിന്റെ പ്രാർഥനയും വിശുദ്ധ ക്വുർആനിൽ കാണാം.


'ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ' എന്ന് പറഞ്ഞുകൊണ്ട് ഈസാ നബി(ﷺ) പ്രാർഥിച്ചതായി ക്വുർആനിലുണ്ട് (5/114).

ബൈബിളിലെ സ്ഥിതിയും മറിച്ചല്ല. ഏകദൈവത്തോട് പ്രാർഥിക്കാനാണ് യേശു ശിഷ്യമാരെ പഠിപ്പിക്കുന്നത്. (മത്തായി: 6/6; 7/11; 21/22; 7/7 മാർക്ക്: 11/24; ലൂക്ക: 22/40).

യേശുക്രിസ്തു പഠിപ്പിച്ചുകൊടുത്ത പ്രാർഥന ബൈബിളിലുണ്ട്, അതും സ്വർഗസ്ഥനായ ദൈവത്തെ വിളിച്ചുകൊണ്ടുള്ളതാണ് (ലൂക്ക: 11/14; മത്തായി: 6/7-13).

യേശുക്രിസ്തു ദൈവത്തെ സ്തുതിച്ചുകൊണ്ടും (ലൂക്ക:10/21) കുട്ടികൾക്ക് വേണ്ടിയും (മത്തായി: 19/13) സ്നാനം എൽക്കുമ്പോളും (ലൂക്ക: 3/21,22) ക്രൂശികരണത്തിൽനിന്ന് രക്ഷപ്പെടുത്താനും (മാർക്ക്: 14/3441) തീരുമാനം എടുക്കുന്നതിനുമുമ്പും (ലൂക്ക: 6/12,13) സുവിശേഷം പ്രസംഗിക്കാൻ പോകുന്നതിന് മുമ്പും (മാർക്ക്: 1/35) ഒറ്റക്കിരുന്നും (ലൂക്ക: 9/18) അത്ഭുതം പ്രവർത്തിക്കുന്നതിന് മുമ്പും (യോഹ: 11/41,42) നടത്തിയ പ്രാർഥനകൾ ബൈബിളിലുണ്ട്. പലപ്പോഴും പ്രാർഥനക്കായി ഏകാന്തമായ സ്ഥലത്തേക്കും (ലൂക്ക്: 5/16) മലമുകളിലേക്കും (മത്തായി: 14/23) പോയതായി ബൈബിളിൽ കാണാം.

ഇത്രയും സുവ്യക്തമായ തെളിവുകളുണ്ടായിട്ടും യേശുവിനെ ആരാധിക്കുകയും യേശുവിനോട് തന്നെ പ്രാർഥിക്കുകയും ചെയ്യുന്ന അവസ്ഥയാണ് നാം കാണുന്നത്. നാളെ പരലോകത്ത് സ്രഷ്ടാവിന്റെ തിരുസന്നിധിയിൽ യേശുക്രിസ്തു ഇവരുടെ പ്രാർഥനകളെയും ആരാധനയെയും തള്ളിപ്പറഞ്ഞ് ഇവർക്കെതിരായി സാക്ഷിപറയുമെന്ന കാര്യം വിശുദ്ധ ക്വുർആൻ (5/116,117) പറഞ്ഞുതരുന്നുണ്ട്.



## യേശുക്രിസ്തുവും അത്ഭുത പ്രവർത്തനങ്ങളും

പ്രവാചകൻമാർക്ക്അറിവു ലഭിച്ചത് ദൈവികബോധനം വഴിയാണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനാണ് അവരിലൂടെ സ്രഷ്ടാവ് ദൃഷ്ടാന്തങ്ങളും അടയാളങ്ങളും വെളിപ്പെടുത്തിയത്. പ്രവാചകൻമാർക്ക് ഇഷ്ടപ്രകാരം ചെയ്യാൻ കഴിയാത്തതും സർവശക്തനായ സ്രഷ്ടാവിന്റെ സർവ നിയന്ത്രണത്തിലുള്ളതും അവനുദ്ദേശിക്കുന്ന സന്ദർഭത്തിലും സമയത്തിലും വെളിപ്പെടുന്നതുമാണ് ദൃഷ്ടാന്തങ്ങൾ.

കളിമൺ പക്ഷിക്ക് ജീവനിടീച്ചതും അന്ധന് കാഴ്ച നൽകിയതും മരിച്ചവരെ ജീവിപ്പിച്ചതും (5/110; 3/49) ആകാശത്തുനിന്ന് ഭക്ഷണത്തളിക ഇറക്കിയതുമടക്കം (5/114) നിരവധി അത്ഭുതങ്ങൾ യേശുവിലൂടെ വെളിപ്പെട്ടതായി വിശുദ്ധ ക്വുർആനിലുണ്ട്. ഇതൊക്കെയും അല്ലാഹുവിന്റെ അനുമതിപ്രകാരം (ബി ഇദ്നില്ലാഹ്) യേശു ചെയ്തത് താൻ ദൈവദൂതനാണെന്ന് തെളിയിക്കാനാണ്; അല്ലാതെ താനാണ് ദൈവം എന്നു സ്ഥാപിക്കാനല്ല.

ഇതുതന്നെയാണ് ബൈബിൾ ഭാഷ്യവും. സ്വന്തം ഇഷ്ടപ്രകാരമല്ല ദൈവത്തിന്റെ അനുമതി പ്രകാരവും (യോഹ: 5/19) ദൈവം ഉദ്ദേശിക്കുമ്പോളും മാത്രമാണ് (മാർക്ക്: 6/5,6) യേശുവിലൂടെ ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടത്!

> **ഒരു സൃഷ്ടി തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന സ്രഷ്ടാവിനോട് അർപ്പിക്കുന്ന മഹത്തായ നന്ദി പ്രകടനമാണ് പ്രാർഥന. എല്ലാ ആരാധനകളുടെയും ജീവനും പ്രാർഥന തന്നെയാണ്. പ്രാർഥന ആരാധനയാണ്. അതിനാൽ പ്രാർഥനകളെല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്ന, ഉപജീവനമേകുന്ന, കഷ്ടപ്പെടുന്നവന്റെ വിളികേൾക്കുന്ന, ആഗ്രഹങ്ങൾ സഫലീകരിച്ചുതരുന്ന, മാർഗം കാണിക്കുന്ന, അനുഗ്രഹമരുളുന്ന സാക്ഷാൽ ആരാധ്യനോട് മാത്രമെ പാടുള്ളൂ. സൃഷ്ടികൾ എത്ര ഉന്നതരായാലും അവരതിന് അർഹരല്ല. സൃഷ്ടികളോടുള്ള പ്രാർഥന സ്രഷ്ടാവ് പൊറുക്കാത്ത മഹാപാപമാണ്.**

ദൈവത്തോട് പ്രാർഥിച്ചുകൊണ്ടും ദൈവത്തെ സ്തുതിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും സ്തോത്രം ചൊല്ലിക്കൊണ്ടും ആകാശത്തേക്ക് നോക്കി പ്രാർഥനാവചനങ്ങൾ ഉരുവിട്ടുകൊണ്ടുമാണ് യേശു അത്ഭുത പ്രവൃത്തികളൊക്കെ ചെയ്തത്.(മാർക്ക്: 6/40; 8/6; 9/28, 29; 7/30, 31; മത്താ: 14/19,20; 15/35,36; യോഹ: 11/41-44; 11/21, 22).

'നീ ദൈവത്തോടു എന്ത് അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു' (യോഹ: 11/21,22) എന്ന് ലാസറിന്റെ സഹോദരി മാർത്ത യേശുവിനോട് പറയുന്നതിൽനിന്നു തന്നെ യേശുവിനെ കുറിച്ചുള്ള അവരുടെ വിശ്വാസം വ്യക്തമാണ്. സ്വന്തം ഇഷ്ടപ്രകാരം അത്ഭുതം പ്രവർത്തിക്കാൻ യേശുവിന് കഴിയില്ലെന്ന് അവർ ഉറച്ച് വിശ്വസിച്ചിരുന്നു.

'പ്രാർഥനയാൽ അല്ലാതെ ഈ ജാതി(അശുദ്ധാത്മാക്കൾ) ഒന്നിനാലും പുറപ്പെട്ടുപോകയില്ല' (മാർക്ക്: 9/28,29) എന്നു യേശു ശിഷ്യരോട് പറയുന്നുണ്ട്.

യേശു ചെയ്ത അത്ഭുതം നേരിൽ കണ്ടവരുടെയും അനുഭവിച്ചവരുടെയും പ്രതികരണങ്ങളും മറ്റൊന്നായിരുന്നില്ല. യേശുവിലൂടെ അത്ഭുതം വെളിപ്പെടുത്തിയ ദൈവത്തെ മഹത്ത്വപ്പെടുത്തുകയും യേശുവിന്റെ പ്രവാചകത്വത്തെ സത്യപ്പെടുത്തുകയുമാണ് അവർ ചെയ്തത്: (മത്താ: 9/8; 12/23; മാർക്ക്: 2/12; ലൂക്ക: 5/25; 7/14; 18/43; യോഹ: 9/17,18; 4/15-19; 3/2).

യേശുവിനെ പോലെയോ അതിനെക്കാൾ കൂടുതലോ അത്ഭുതം പ്രവർത്തിച്ച പ്രവാചകൻമാരുടെ നിരവധി കഥകൾ പഴയനിയമത്തിലെ പുറപ്പാട്, രാജാക്കൻമാർ, ദാനിയേൽ, യോശുവ, യെഹസ്കേൽ പുസ്തകങ്ങളിൽ കാണുന്നുണ്ട്. അത്ഭുതപ്രവർത്തനങ്ങളാണ് ദിവ്യത്വത്തിന്റെ മാനദണ്ഡമെങ്കിൽ അവരായിരിക്കും അതിന് യേശുവിനെക്കാൾ കൂടുതൽ അർഹർ!

## യേശുക്രിസ്തു മനുഷ്യനായ ദൈവദൂതൻ

സർവവിധ സദ്ഗുണങ്ങളുമായി സമൂഹത്തിന് മുന്നിൽ മാതൃകയായി ജീവിച്ച പ്രവാചകൻമാർ ദിവ്യാംശമുള്ളവരോ മലക്കുകളോ ആയിരുന്നില്ല. അവർ ഭക്ഷണം കഴിക്കുന്ന, തെരുവുകളിൽ സഞ്ചരിക്കുന്ന, വിശപ്പും ദാഹവും ഉറക്കവും വിശ്രമവും വികാരവും വിചാരവുമുള്ള പച്ചയായ മനുഷ്യരായിരുന്നു. അവരിലൊരാളായിരുന്നു മർയമിന്റെ മകനായ യേശുവും.

ബൈബിൾ ഒരാവർത്തി വായിക്കുന്ന ഒരാൾക്ക് യേശുക്രിസ്തു എന്ന പച്ചയായ മനുഷ്യന്റെ ചിത്രമാണ് ലഭിക്കുക. യെരോദോ രാജാവിന്റെ കാലത്ത് (മത്താ: 2/1) യെഹൂദവിലെ ബെത്ലഹേമിൽ (മത്താ: 2/1) അബ്രഹാമിന്റെ പരമ്പരയിൽ (മത്താ: 1/1) മറിയയുടെ മകനായിട്ടാണ് യേശുക്രിസ്തു ജനിക്കുന്നത് (ലൂക്ക: 2/6,7; മത്താ: 1/18).

മുലകുടിച്ചതും (ലൂക്ക:11/27) ചേലാകർമം ചെയ്തതും യേശുവെന്ന് പേരിട്ടതും (ലൂക്ക:2/21) ന്യായപ്രമാണ പ്രകാരം യാഗം കഴിക്കാൻ യെരുശലേമിലേക്ക് കൊണ്ടുപോയതും (ലൂക്ക: 2/21) യേശു വളർന്നതും യേശുവിന് വളർച്ചക്കനുസരിച്ച് അറിവും ശക്തിയും ഉണ്ടായതും ദൈവാനുഗ്രഹമുണ്ടായതും ദൈവത്തെ പ്രസാദിപ്പിച്ചതും (ലൂക്ക: 2/42; 3/23; 2/52) എല്ലാം ബൈബിൾ വരച്ചുകാട്ടുന്നു.

യേശു ഉപദേശം കേൾക്കുന്നതും സംശയങ്ങൾ ചോദിക്കുന്നതും (ലൂക്ക: 2/46) പള്ളിയിൽവെച്ച് വേദഗ്രന്ഥങ്ങൾ വായിക്കുന്നതും (ലൂക്ക: 4/16,17) കഴുതപ്പുറത്ത് സഞ്ചരിച്ചതും (മത്താ: 21/7) ജനങ്ങളെ ഉപദേശിക്കുകയും രാത്രി വിശ്രമിക്കുകയും ചെയ്യുന്നതുമൊക്കെ ബൈബിളിന്റെ താളുകളിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്. (ലൂക്ക: 21/37,38).

യേശു ഉറങ്ങുകയും ഉണരുകയും ചെയ്തതും (മത്താ: 8/24,25; മാർക്ക്: 4/38) ക്ഷീണിച്ചതും യേശുവിന് ദാഹം തോന്നിയതും (യോഹ: 4/6,7) വിശന്നതും (മാർക്ക്: 11/12) ഭക്ഷണം കഴിച്ചതും (മത്താ: 11/19) അടക്കം എല്ലാ കാര്യങ്ങളും ബൈബിളിലുണ്ട്.

യേശു പൗരോഹിത്യത്തിനെതിരെ ശബ്ദിച്ചതും (മത്താ: 23/13; 23/27; 23/29; 23/33) വാളെടുക്കാൻ ആഹ്വാനം ചെയ്തതും (ലൂക്ക: 22/36) ശക്തി പ്രയോഗിച്ച് വാണിഭക്കാരെയും ചൂതാട്ടക്കാരെയും പള്ളിയിൽ നിന്ന് പുറത്താക്കിയതുമായ രംഗങ്ങളും ബൈബിൾ വരച്ചുകാട്ടുന്നുണ്ട്. (യോഹ: 2/13,16).

യേശു ദുഃഖിക്കുകയും കരയുകയും ചെയ്തത് (യോഹ:11/33-35), യഹൂദരെ ഭയക്കുന്നത്, നാടുവിടുന്നത് (യോഹ:11/53), ദുഃഖിക്കുകയും മരണത്തെ ഭയക്കുകയും ചെയ്യുന്നത് (മത്താ: 26/37,38), യേശുവിന് മർദനമേൽക്കുന്നത്, അപമാനിക്കപ്പെടുന്നത് (യോഹ:18/22; മത്താ: 27/29,30), യേശു ദൈവത്തെ സ്തുതിക്കുന്നത് (മത്താ:11/25), യേശു സാഷ്ടാംഗം ചെയ്തു ദൈവത്തോട് പ്രാർഥിക്കുന്നത് (മത്താ: 26/39)... അങ്ങനെ യേശു യഥാർഥ മനുഷ്യനാണെന്ന് വ്യക്തമാക്കുന്ന ഒട്ടേറെ തെളിവുകൾ ബൈബിളിൽ തന്നെ കാണാം.

“ദൈവത്തിൽനിന്ന് കേട്ട സത്യങ്ങൾ നിങ്ങളോട് പറഞ്ഞ ഒരു മനുഷ്യനാണ് ഞാൻ. പക്ഷേ, നിങ്ങളെന്നെ കൊല്ലാൻ ശ്രമിക്കുന്നു” (യോഹ: 8/40) എന്നാണ് യേശു പറയുന്നത്!

ഇത്രയും വ്യക്തവും സ്പഷ്ടവുമായ തെളിവുകളുണ്ടായിട്ടും യേശുവിനെ ദൈവമായി കണ്ട് ആരാധനകളർപ്പിക്കുന്നതിൽ എന്ത് അർഥമാണുള്ളത്?

വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക: “മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിനു മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്. (നബിയേ,) പറയുക: അല്ലാഹുവെ കൂടാതെ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു” (ക്വുർആൻ 5/75,76)


## തൗറാത്തും ഇൻജീലും

ബൈബിൾ പ്രകാരം സ്രഷ്ടാവായ ദൈവം സിനായ്മലയിൽ മോശെ പ്രവാചകന് നൽകിയ കൽപലകകളിലെ പത്തു കൽപനകളടങ്ങുന്ന ന്യായപ്രമാണം (തൗറാത്ത്) ദുർബലപ്പെടുത്തുകയോ അസാധുവാക്കുകയോ ആയിരുന്നില്ല യേശു ചെയ്തത്. നിത്യജീവനിലെത്തിച്ചേരാൻ ന്യായപ്രമാണത്തിൽ അടിയുറച്ച് വിശ്വസിച്ച് അതനുസരിച്ച് ജീവിക്കണമെന്ന് ഇസ്റാഈല്യരോട് കൽപിക്കുകയായിരുന്നു. യേശുവിലൂടെ ദൈവമവതരിപ്പിച്ച വേദഗ്രന്ഥമാണ് ഇൻജീൽ (സുവിശേഷം).

വിശുദ്ധ ക്വുർആൻ പറയുന്നു: “(ആ പ്രവാചകൻമാരെ) തുടർന്ന് അവരുടെ കാൽപാടുകളിലായിക്കൊണ്ട് മർയമിന്റെ മകൻ ഈസായെ തന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നവനായിക്കൊണ്ട് നാം നിയോഗിച്ചു. സൻമാർഗനിർദേശവും സത്യപ്രകാശവും അടങ്ങിയ ഇൻജീലും അദ്ദേഹത്തിന് നാം നൽകി. അതിന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നതും സൂക്ഷ്മത പാലിക്കുന്നവർക്ക് സദുപദേശവുമത്രെ അത്” (ക്വുർആൻ 5/46).

“പിന്നീട് അവരുടെ പിന്നിലായി നാം നമ്മുടെ ദൂതൻമാരെ തുടർന്നയച്ചു. മർയമിന്റെ മകൻ ഈസായെയും നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇൻജീൽ നൽകുകയും ചെയ്തു...”(ക്വുർആൻ 57/27).

ന്യായപ്രമാണം ദുർബലപ്പെടുത്താനല്ല സത്യപ്പെടുത്താനാണ് വന്നതെന്നും (മത്താ: 5/17-19), സ്വർഗപ്രവേശനത്തിന് ന്യായപ്രമാണമനുസരിക്കാതെ രക്ഷയില്ലെന്നും (മാർക്ക്:10/17-19) യേശു പറഞ്ഞതായി ബൈബിളിലുണ്ട്. ന്യായ



പ്രമാണത്തിലെ കൽപനകൾ (ആവർ: 6/45; 6/13) യേശുവും ആവർത്തിക്കുന്നുണ്ട് (മാർക്ക്: 12/29,30; മത്താ: 4/10).

യേശു നാട്ടിൽ ചുറ്റിസഞ്ചരിച്ചുകൊണ്ട് അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും ജനത്തിലുള്ള വ്യാധിയെ സൗഖ്യമാക്കുകയും ചെയ്തതായി ബൈബിളിൽ കാണാം: (ലൂക്ക: 4/43, 44; 8/1; മത്താ: 4/23;9/35; മാർക്ക്: 1/14 15). സുവിശേഷത്തിനുവേണ്ടി ത്യാഗം ചെയ്യണമെന്ന് യേശു പഠിപ്പിക്കുന്നുണ്ട് (മാർക്ക്: 10/28, 29).

## യേശുക്രിസ്തു പ്രവചിച്ച 'ആ' പ്രവാചകൻ ആര്?

യേശു ക്രിസ്തു പറഞ്ഞതായി വിശുദ്ധ ക്വുർആനിൽ ഇങ്ങനെ കാണാം: "മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രാഈൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ" (ക്വുർആൻ 61/6).

തനിക്കുശേഷം വരാനിരിക്കുന്ന ഒരു മഹാപ്രവാചകനെക്കുറിച്ച് യേശുവിന്റെ സന്തോഷ വാർത്ത ബൈബിളിൽ യോഹന്നാന്റെ സുവിശേഷം 16 അധ്യായം 7 മുതൽ 14 വരെയുള്ള വചനങ്ങളിലുണ്ട്. സ്രഷ്ടാവിൽനിന്നുള്ള ബോധനത്തിന്റെ അടിസ്ഥാനത്തിൽ പ്രവാചകനായിരുന്ന യേശുക്രിസ്തു പ്രവചിച്ചതായിരിക്കും അത്.

യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുമെന്നും തന്നിഷ്ടപ്രകാരം സംസാരിക്കാതെ ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സംസാരിക്കുമെന്നും, പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ച് ലോകത്തിന് ബോധ്യപ്പെടുത്തുമെന്നും യേശു പറഞ്ഞ ലക്ഷണങ്ങൾ നിറവേറ്റിയ 'ആ പ്രവാചകൻ' മുഹമ്മദ് നബിﷺയാണെന്നതിൽ സംശമില്ല.

മോശെയുടെ ന്യായപ്രമാണത്തിലും (തൗറാത്തിലും) യേശുവിന്റെ സുവിശേഷത്തിലും രേഖപ്പെടുത്തപ്പെട്ട ആ പ്രവാചകനിലും ആ പ്രവാചകനിലൂടെ അവതരിപ്പിക്കപ്പെട്ട വിശുദ്ധ ക്വുർആനിലും വിശ്വസിക്കുകയും പിൻപറ്റുകയും ചെയ്യുകയാണ് നിത്യജീവന്റെ ഭവനമായ സ്വർഗരാജ്യത്തെത്തുവാനുള്ള വഴി.

ക്വുർആൻ പറയുന്നു: "(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ (വിശുദ്ധ ക്വുർആൻ) പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ. പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ, നിങ്ങൾ നേർമാർഗം പ്രാപിക്കാം" (ക്വുർആൻ 7/157, 158).

## നേർപഥം ഓൺലൈൻ മെഗാ ക്വിസ് നിബന്ധനകൾ

- നേർപഥം വാരിക സംഘടിപ്പിച്ച വീക്ക്‌ലി ഓൺലൈൻ ക്വിസ് അവസാനിച്ചു. പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ 19ന് ഓൺലൈൻ പ്രീ മെഗാ ക്വിസ് നടത്തും.
- കഴിഞ്ഞ പത്തൊൻപത് ലക്കങ്ങളായി നടന്നു വരുന്ന വീക്ക്‌ലി ക്വിസിൽ 80 ശതമാനം മാർക്ക് നേടിയവരാണ് പ്രീ മെഗാ ക്വിസിലേക്ക് യോഗ്യത നേടിയത്.
- യോഗ്യത നേടിയവരുടെ പേര് വിവരങ്ങൾ വെബ്സൈറ്റിലും സമീൽ ആപ്പിലും ലഭ്യമാണ്.
- ആഗസ്ത് 1 മുതൽ ഡിസംബർ 5 വരെയുള്ള 19 ലക്കങ്ങളിലെ ലേഖനങ്ങളാണ് പ്രീ മെഗാ ക്വിസിന് പരിഗണിക്കുക.
- സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയുമായിരിക്കും പ്രീ മെഗാ ക്വിസിലേക്കും മെഗാ ക്വിസിലേക്കും യോഗ്യത നേടിയവരുടെ വിവരങ്ങൾ പ്രഖ്യാപിക്കുന്നത്.
- മുൻ മത്സരങ്ങളിലേതു പോലെ പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒബ്ജക്ടീവ് മാതൃകയിലുള്ള 40 ചോദ്യങ്ങളാണ് മെഗാക്വിസിൽ ഉണ്ടാവുക. ഓഡിയോ, വീഡിയോ, ഇമേജ് ഫയലുകളും ചോദ്യത്തിന് ഉപയോഗിക്കും.
- പ്രീ മെഗാ ക്വിസിൽ ഉത്തരമെഴുതാനുള്ള സമയം പരമാവധി ഒന്നര മണിക്കൂർ. മത്സരം തുടങ്ങി, ഒന്നര മണിക്കൂറിന് ശേഷം ഉത്തരങ്ങൾ ഓട്ടോ സബ്മിറ്റ് ചെയ്യുന്ന രൂപത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.
- പ്രീ മെഗാ ക്വിസിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 6 പേരെ വെച്ച് ഡിസംബർ 27ന് മെഗാ ക്വിസ് മത്സരം നടത്തി ആദ്യ സ്ഥാനക്കാരെ കണ്ടെത്തും.
- മെഗാ ക്വിസ് മത്സരത്തിൽ പ്രേക്ഷകർക്ക് പങ്കെടുക്കാനും സമ്മാനം കരസ്ഥമാക്കാനും അവസരമുണ്ടായിരിക്കും.
- ആദ്യ ആറ് സ്ഥാനക്കാരെ കണ്ടെത്താനുള്ള മത്സരത്തിൽ തുല്യത പാലിച്ചാൽ സ്റ്റാർ ക്വസ്റ്റ്യൻസിലെ മാർക്കും, അതിലും തുല്യത പാലിച്ചാൽ സബ്മിറ്റ് ചെയ്ത സമയവും പരിഗണിച്ച് വിജയികളെ കണ്ടെത്തും.
- മെഗാ മത്സരത്തിലെ ഒന്നാം സമ്മാനം ലാപ്ടോപ്പും രണ്ടാം സമ്മാനം ടാബും മൂന്നാം സമ്മാനം മൊബൈൽ ഫോണുമായിരിക്കും.
- ആദ്യ മൂന്ന് സ്ഥാനക്കാർക്ക് പുറമെ നൽകുന്ന 10 പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് പ്രീ മെഗാ ക്വിസിലെ മാർക്കാണ് പരിഗണിക്കുന്നത്.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 202 / 203

**ലക്കം: 202, ഒന്നാം സമ്മാനം:**
Najma Bashir, Alathur, Palakkad

**ലക്കം: 202, രണ്ടാം സമ്മാനം:**
Maimoona Abdullah, Payyanur, Kannur

**ലക്കം: 202, മൂന്നാം സമ്മാനം:**
Yasin M Gafoor, Kalikavu, Malappuram


**ലക്കം: 203, ഒന്നാം സമ്മാനം:**
Jissiya, Mangalasseri, Manjeri

**ലക്കം: 203, രണ്ടാം സമ്മാനം:**
Ajmal PK, Iritty, Kannur

**ലക്കം: 203, മൂന്നാം സമ്മാനം:**
Asiyath Thahsin, Kaloor, Ernakulam

അബൂഫായിദ
mail@nerpatham.com

# എന്തിന്?



കണ്ണുകളെന്തിനു നമ്മൾക്ക്?
നല്ലതു കാണാനാണല്ലോ!
ചീത്തകൾ കണ്ടു രസിച്ചാലോ?
ശിക്ഷയതുണ്ടേ കേട്ടോളൂ!

കാതുകളെന്തിനു നമ്മൾക്ക്?
നല്ലതു കേൾക്കാനാണല്ലോ!
മോശം വാക്കുകൾ കേട്ടാലോ?
നാശം വന്നുഭവിക്കൂലോ!

ചുണ്ടുകളെന്തിനു നമ്മൾക്ക്?
നല്ലതു പറയാനാണല്ലോ!
ചീത്തപറഞ്ഞു നടന്നാലോ?
കാത്തുകഴിഞ്ഞോ നരകത്തീ!

കയ്യുകളെന്തിനു നമ്മൾക്ക്?
നല്ലതു ചെയ്യാനാണല്ലോ!
ചീത്തകളെന്തും ചെയ്താലോ?
ശിക്ഷകൾ പലതും കിട്ടൂലോ!

കാലുകളെന്തിനു നമ്മൾക്ക്?
നല്ലതിനായി നടക്കാനാം!
ദുർമാർഗത്തിൽ നടന്നാലോ?
സ്വർഗം നഷ്ടപ്പെടുമല്ലോ!

ചിന്താശേഷിയതെന്തിന്ന്?
നല്ലതു ചിന്തിക്കാനല്ലോ!
ദുഷിച്ച ചിന്തകളാണേലോ?
നശിച്ചുപോകും ഓർത്തോളൂ

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com




**ലോകർക്ക് മുഴുവൻ കാരുണ്യമായിക്കൊണ്ട് കടന്നുവന്ന അന്ത്യപ്രവാചകൻ മുഹമ്മദ് നബിﷺയുടെ ജീവിതം സമഗ്രമായി പരിചയപ്പെടുത്തുന്ന ചരിത്രപഥം ഈ ലക്കം മുതൽ**

മുഹമ്മദ് നബിﷺ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള മഹാനാണ്. മുഹമ്മദ് നബിﷺയെ സംബന്ധിച്ച് ഇസ്‌ലാമിന്റെ അകത്തും പുറത്തുമുള്ള ആളുകൾ ധാരാളം തെറ്റുധാരണകൾ വെച്ചുനടക്കുന്നവരാണ്. ഇസ്‌ലാമിന് പുറത്തുള്ളവർ തിരുജീവിതത്തെ സത്യസന്ധമായ പഠനത്തിന് വിധേയമാക്കാതെ അനേകം കുപ്രചാരണങ്ങളും ആരോപണങ്ങളും സിനിമകളിലൂടെയും കാർട്ടൂണുകളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കുന്നത് നാം പലപ്പോഴും കണ്ടിട്ടുണ്ട്. എന്നാൽ മനുഷ്യരിൽ ഉൽകൃഷ്ടനായ മുഹമ്മദ് നബിﷺയെ വസ്തുനിഷ്ഠമായി പഠിക്കലും മനസ്സിലാക്കലും വിശ്വസിക്കലും അവിടുത്തെ ധാരാളം സ്നേഹിക്കുകയും ചെയ്യേണ്ടത് വിശ്വാസികളുടെ കടമയാണ്. അതുപോലെ പ്രവാചകനെതിരിൽ ശത്രുക്കൾ നടത്തുന്ന കുപ്രചാരണങ്ങൾക്ക് പ്രമാണങ്ങളുടെ പിൻബലത്തോടെ മറുപടി നൽകലും വിശ്വാസികളുടെ ബാധ്യതയാണ്.

നബിﷺ ആരായിരുന്നു എന്നാണ് ഈ ചരിത്ര വിവരണത്തിലൂടെ നാം മനസ്സിലാക്കുന്നത്. ഇരുപത്തി മൂന്ന് കൊല്ലത്തെ പ്രവാചകത്വ ജീവിതവും നാൽപത് കൊല്ലത്തെ പ്രവാചകത്വത്തിന് മുമ്പുള്ള ജീവിതവും പരിപൂർണമായി വിവരിക്കുക എന്നത് സാധ്യമല്ലാത്തതിനാൽ, പ്രധാനമെന്ന് തോന്നുന്ന ഭാഗങ്ങൾ മാത്രമാണ് ഇതിലൂടെ വിവരിക്കുന്നത്.

സ്വന്തം ജീവനെക്കാൾ മുഹമ്മദ് നബിﷺയെ ബഹുമാനിക്കാനും ആദരിക്കാനും സ്നേഹിക്കാനും കടമപ്പെട്ടവരാണല്ലോ നാം. ഏതൊരാൾക്ക് നബിﷺ അപ്രകാരം ആകുന്നില്ലയോ, അവന്റെ വിശ്വാസം പൂർണമല്ല എന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

ലോകത്ത് എല്ലാ കാലത്തും എല്ലാ സമൂഹത്തിലേക്കും അല്ലാഹു താക്കീതുകാരെ അയച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

"തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവുംകൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല" (ഫാത്വിർ:24).

എന്തിനു വേണ്ടിയാണ് അല്ലാഹു എല്ലാ സമൂഹത്തിലേക്കും പ്രവാചകന്മാരെ അയച്ചത്?

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (അന്നിസാഅ്: 165).

അല്ലാഹുവിനെ അനുസരിച്ച് ജീവിക്കുന്നവർക്ക് സ്വർഗത്തെക്കുറിച്ച് സന്തോഷവാർത്ത നൽകുന്നവരും, അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്നവർക്ക് കത്തിയാളുന്ന നരകത്തെക്കുറിച്ച് താക്കീത് നൽകുന്നവരും ആയിരുന്നു അല്ലാഹുവിന്റെ ദൂതന്മാർ. ജനങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുന്നതിനും അവർക്ക് താക്കീത് നൽകുന്നതിനും അല്ലാഹുവിനെതിരിൽ അന്ത്യനാളിൽ യാതൊരു തെളിവും ഇല്ലാതിരിക്കുന്നതിനും വേണ്ടിയാണ് അല്ലാഹു ദൂതന്മാരെ അയച്ചത്. ഇബ്നു കഥീർ‍ﷺ പറയുന്നത് കാണുക:

"അല്ലാഹു അവന്റെ വേദഗ്രന്ഥങ്ങളെ ഇറക്കുകയും അവന്റെ ദൂതന്മാരെ സന്തോഷവാർത്തകൊണ്ടും താക്കീതുകൊണ്ടും അയക്കുകയും ചെയ്തു. അല്ലാഹുവിന് ഇഷ്ടപ്പെടുന്നവയെപ്പറ്റിയും തൃപ്തിപ്പെടുന്നവയെപ്പറ്റിയും അവൻ (ദൂതന്മാരിലൂടെ) വിശദീകരിച്ചു. അല്ലാഹുവിന് വെറുപ്പുള്ള കാര്യങ്ങളെപ്പറ്റിയും അവനോട് വിസമ്മതിക്കുന്ന കാര്യങ്ങളെപ്പറ്റിയും അവൻ (ദൂതന്മാരിലൂടെ) വിവരിച്ചു. ഒഴികഴിവ് പറയുന്നവന് യാതൊരു ഒഴികഴിവും അവശേഷിക്കാതിരിക്കാൻ വേണ്ടിയാണ് അത്" (തഫ്സീർ ഇബ്നു കഥീർ).

### മുഹമ്മദ് നബിﷺ; അന്തിമദൂതൻ

സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കിത്തരാൻ ഒരു ദൂതൻ ഞങ്ങളിലേക്ക് വന്നില്ലെന്ന് അന്ത്യനാളിൽ അല്ലാഹുവിനെതിരിൽ ഒരു അടിമക്കും പ്രതിബന്ധം പറയാൻ സാധിക്കാത്തവിധം അല്ലാഹു എല്ലാ സമൂഹത്തിലേക്കും ദൂതന്മാരെ അയച്ചിട്ടുണ്ട്. മുഹമ്മദ് നബിﷺക്ക് മുമ്പുള്ള ഓരോ പ്രവാചകനും അതാത് സമൂഹത്തിലേക്കാണ് അയക്കപ്പെട്ടതെങ്കിൽ മുഹമ്മദ് നബിﷺ അന്ത്യനാൾവരെയുള്ള മുഴുവൻ ജനങ്ങളിലേക്കുമായിട്ടാണ് അയക്കപ്പെട്ടിട്ടുള്ളത്.

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (സബഅ്: 28).

നബിﷺക്ക് ശേഷം പുതിയ ഒരു പ്രവാചകൻ വരാനില്ല. അതുകൊണ്ട് തന്നെ അന്ത്യനാൾവരെയുള്ള എല്ലാ മനുഷ്യരും ജിന്നുകളും ആ പ്രവാചകനെ പിന്തുടരൽ നിർബന്ധമാണ്. അവർക്കാകുന്നു വിചാരണനാളിൽ രക്ഷയുള്ളത്.

ജാതി, മത, വർണ, രാഷ്ട്ര വ്യത്യാസമില്ലാതെ ലോകർക്കാകമാനം കാരുണ്യമായിട്ടാണ് മുഹമ്മദ് നബിﷺ അയക്കപ്പെട്ടത് എന്നതും ക്വുർആൻ വ്യക്തമാക്കുന്നുണ്ട്:

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (അമ്പിയാഅ്: 107).

മുഹമ്മദ്ﷺ അവസാനത്തെ നബിയാണ്. അല്ലാഹു ഇനി ഒരു നബിയെ പുതിയ ശരീഅത്തുമായി മനുഷ്യരിലേക്ക് അയക്കുന്നതല്ല. പ്രവാചക പരമ്പരക്ക് അന്ത്യംകുറിച്ചാണ് മുഹമ്മദ് നബിﷺ അയക്കപ്പെടുന്നത്. മുഹമ്മദ് നബിﷺയിലൂടെ ഇസ്‌ലാമാകുന്ന മണിമാളിക പൂർത്തിയായി. അവിടുന്ന് പറയുന്നത് കാണുക:

അബൂഹുറയ്റ‍ﷺയിൽ നിന്ന് നിവേദനം; റസൂൽﷺ പറഞ്ഞു: "എന്റെയും എനിക്ക് മുമ്പുള്ള നബിമാരുടെയും ഉപമ ഒരാളെപ്പോലെയാകുന്നു. അദ്ദേഹം ഒരു

വീട് നിർമിച്ചു. എന്നിട്ട് അത് നന്നാക്കുകയും ഭംഗിയുള്ളതാക്കുകയും ചെയ്തു; ഒരു മൂലയിലെ ഒരു ഇഷ്ടികയുടെ സ്ഥാനം ഒഴികെ (ബാക്കിയെല്ലാം അയാൾ പൂർത്തിയാക്കി). എന്നിട്ട് ജനങ്ങൾ അതിനെ (കാണുന്നതിനായി) ചുറ്റിനടന്നു. അവർ അതിൽ അത്ഭുതപ്പെടുകയും ചെയ്തു. അവർ ചോദിച്ചു: 'ഈ ഇഷ്ടിക (അതിന്റെ സ്ഥാനത്ത്) വെക്കപ്പെട്ടുകൂടായിരുന്നില്ലേ?' നബിﷺ പറഞ്ഞു: 'ഞാനാകുന്നു ആ ഇഷ്ടിക. ഞാൻ പ്രവാചകന്മാരിൽ അന്തിമനാകുന്നു'' (ബുഖാരി).

നബിﷺയുടെ ഈ വിവരണത്തിൽനിന്ന് അവിടുന്ന് പ്രവാചകന്മാരിൽ അന്തിമനാകുന്നു എന്നത് വ്യക്തമാണല്ലോ. ഭംഗിയുള്ള ഒരു വീട്; എല്ലാ ഭാഗവും എല്ലാംകൊണ്ടും പൂർണം. എന്നാൽ ഒരു ഇഷ്ടിക യുടെ സ്ഥാനം മാത്രം ഒഴിഞ്ഞുകിടക്കുന്നു. വീടിന്റെ ഭംഗി ആസ്വദിക്കുന്നവർ മുഴുവൻ പറയുന്നു; ആ ഒഴിവുള്ള ഭാഗത്ത് ഒരു ഇഷ്ടികകൂടി വെച്ചിരുന്നെങ്കിൽ എന്ന്. ആ ഇഷ്ടിക താനാണ് എന്ന് നബിﷺ വ്യക്തമാക്കുന്നു. അഥവാ, പ്രവാചകന്മാർ മുഴുവനും വന്നുകഴിഞ്ഞു. ഒരു നബിയുടെ കുറവ് മാത്രമെ ഇനി ബാക്കിയുള്ളൂ. അത് മുഹമ്മദ് നബിﷺയാകുന്നു. ആ പ്രവാചകനിയോഗമനത്തിലൂടെ പ്രവാചകശൃംഖലക്ക് അവസാനമായി. ഇസ്‌ലാമിക അധ്യാപനങ്ങൾ മുഴുവനും മുഹമ്മദ് നബിﷺയിലൂടെ പൂർണമാക്കപ്പെടുകയും ചെയ്തു. അഴകുള്ള ഇസ്‌ലാമാകുന്ന ഈ സൗധത്തിൽനിന്ന് ഇനി യാതൊന്നും എടുത്തുകളയാനോ പുതിയത് കൂട്ടിച്ചേർക്കുവാനോ സാധ്യമല്ല. മുഹമ്മദ് നബിﷺയിലൂടെ പൂർത്തീകരിക്കപ്പെട്ട ഇസ്‌ലാം മതം; അതിലേക്ക് പുതിയതൊന്നും ചേർക്കാതെയും അതിലുള്ളതൊന്നും ഒഴിവാക്കാതെയും നിലനിൽക്കുമ്പോഴാണ് അതിന്റെ തനിമയും പ്രൗഢിയും നിലനിൽക്കുക.

മുഹമ്മദ് നബിﷺ അന്തിമദൂതനാണ് എന്ന വ്യക്തമായ സൂചനയും ഈ ഉദാഹരണത്തിലൂടെ നമുക്ക് ലഭിക്കുന്നു. മുഹമ്മദ് നബിﷺക്ക് ശേഷം ഇനിയൊരു പ്രവാചകൻ വരാനില്ലെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങളിൽ പെട്ടതാകുന്നു. ആരെങ്കിലും മുഹമ്മദ് നബിﷺക്ക് ശേഷം പ്രവാചകത്വം വാദിക്കുന്നുവെങ്കിൽ അവൻ ഇസ്‌ലാമിലേക്ക് ചാരനായി കടന്നുകൂടിയ കള്ളനാണയമാണെന്ന് ഓരോ മുസ്‌ലിമിനും ഉറപ്പിക്കാവുന്നതാണ്.

### ഇബ്‌റാഹീം നബിعليه السلامയുടെ പ്രാർഥനക്ക് ഉത്തരം കിട്ടുന്നു

ഇബ്‌റാഹീം നബിعليه السلام അല്ലാഹുവിനോട് പ്രാർഥിച്ചത് നമുക്ക് ഇപ്രകാരം കാണാവുന്നതാണ്:

"ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിച്ചു കൊടുക്കുകയും വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽനിന്നുതന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു'' (അൽബക്വറ: 129).

**സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കിത്തരാൻ ഒരു ദൂതൻ ഞങ്ങളിലേക്ക് വന്നില്ലെന്ന് അന്ത്യനാളിൽ അല്ലാഹുവിനെതിരിൽ ഒരു അടിമക്കും പ്രതിബന്ധം പറയാൻ സാധിക്കാത്തവിധം അല്ലാഹു എല്ലാ സമൂഹത്തിലേക്കും ദൂതന്മാരെ അയച്ചിട്ടുണ്ട്. മുഹമ്മദ് നബിﷺക്ക് മുമ്പുള്ള ഓരോ പ്രവാചകനും അതാത് സമൂഹത്തിലേക്കാണ് അയക്കപ്പെട്ടതെങ്കിൽ മുഹമ്മദ് നബിﷺ അന്ത്യനാൾവരെയുള്ള മുഴുവൻ ജനങ്ങളിലേക്കുമായിട്ടാണ് അയക്കപ്പെട്ടിട്ടുള്ളത്.**

മുഹമ്മദ് നബിﷺക്ക് എത്രയോ കൊല്ലങ്ങൾക്കുമുമ്പ് മരണപ്പെട്ട മഹാനാണ് ഇബ്‌റാഹീം നബിعليه السلام. മുഹമ്മദ് നബിﷺയുടെ പിതൃപരമ്പര ഇബ്‌റാഹീം നബിعليه السلامയിൽ എത്തുന്നത് നമുക്ക് കാണാം. അഥവാ നബിﷺയുടെ പിതാമഹന്മാരിൽ ഒരാളാണ് ഇബ്‌റാഹീംعليه السلام. നബിﷺയുടെ പിതൃപരമ്പര ഇമാം ദഹബി(റഹി) ഇപ്രകാരം കൊടുക്കുന്നത് നമുക്ക് കാണാവുന്നതാണ്:

"ജനങ്ങളുടെ ഏകാഭിപ്രായമനുസരിച്ച് ഇബ്‌റാഹീംعليه السلامന്റെ മകനായ ഇസ്മാഈൽعليه السلامന്റെ മക്കളിൽ പെട്ട അദ്നാനിന്റെ മകൻ മഅദ്ദിന്റെ മകൻ നിസാറിന്റെ മകൻ മുദ്വറിന്റെ മകൻ ഇൽയാസിന്റെ മകൻ മുദ്‌രികഃയുടെ (മുദ്‌രികഃയുടെ യഥാർഥ നാമം ആമിർ എന്നാണ്) മകൻ ഖുസൈമയുടെ മകൻ കിനാനഃയുടെ മകൻ നദ്‌റിന്റെ മകൻ മാലികിന്റെ മകൻ ഫിഹ്‌റിന്റെ മകൻ ഗാലിബിന്റെ മകൻ ലുഅയ്യിന്റെ മകൻ കഅ്ബിന്റെ മകൻ മുർറഃയുടെ മകൻ കിലാബിന്റെ മകൻ ക്വുസയ്യിന്റെ (ക്വുസയ്യിന്റെ യഥാർഥ നാമം സൈദ് എന്നാണ്) മകൻ അബ്ദു മനാഫിന്റെ (അബ്ദു മനാഫിന്റെ യഥാർഥ നാമം മുഗീറഃ എന്നാണ്) മകൻ ഹാഷിമിന്റെ (ഹാഷിമിന്റെ യഥാർഥ നാമം അംറ് എന്നാണ്)

മകൻ അബ്ദുൽ മുത്ത്വലിബിന്റെ (അബ്ദുൽ മുത്ത്വലിബിന്റെ യഥാർഥ നാമം ശൈബ എന്നാണ്) മകൻ അബ്ദുല്ലയുടെ മകനാണ് മുഹമ്മദ്ﷺ" (സിയറു അഅ്‌ലാമിന്നുബലാഅ്).

ഇമാം ദഹബി‍ തുടരുന്നു: "ഇസ്മാഈൽﷺന്റെയും അദ്നാനിന്റെയും ഇടയിലുള്ള പിതാക്കന്മാരുടെ കാര്യത്തിൽ അവർ അഭിപ്രായ വ്യത്യാസത്തിലായിരിക്കുന്നു. അവർക്കിടയിൽ ഒമ്പത് പിതാക്കളുണ്ട് എന്ന് പറയുന്നവരും ഏഴു പേരാണെന്ന് പറയുന്നവരുമെല്ലാം ഉണ്ട്. അദ്നാൻവരെയുള്ള പിതാക്കന്മാരുടെ പരമ്പരയിൽ എല്ലാവരും ഏകാഭിപ്രായക്കാരാണെന്ന് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാം."

പിതാക്കന്മാരിൽ എത്രയോ അകലമുള്ള പിതാവാണ് ഇബ്‌റാഹീംﷺ. ആരാരും ഇല്ലാത്ത മണൽ ക്കാട്ടിൽ വെച്ചുള്ള ഉപ്പാന്റെ പ്രാർഥന നാം കണ്ടല്ലോ. അദ്ദേഹത്തിന്റെ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നത് എത്ര കാലങ്ങൾക്ക് ശേഷമാണ് എന്നതും നാം ചിന്തിക്കേണ്ട കാര്യമാണ്. എത്രയോ സംവൽസരങ്ങൾക്ക് ശേഷമാണ് അല്ലാഹു ആ പ്രാർഥനക്ക് ഉത്തരം നൽകിയത്. പ്രാർഥനക്ക് ഉത്തരം നൽകുക എന്നത് ഓരോ വ്യക്തിയെ സംബന്ധിച്ചും ഏറ്റവും നന്നായി അറിയാവുന്ന അല്ലാഹുവാണ് തീരുമാനിക്കുന്നത്. അതിനാൽ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നില്ലെന്ന് പറഞ്ഞ് ആരും വ്യാകുലരാകേണ്ടതില്ലെന്ന് ഈ സംഭവം നമ്മെ അറിയിച്ചുതരുന്നുണ്ട്. ഉപ്പ എന്തിനാണോ പ്രാർഥിച്ചത്, അതുപ്രകാരം തന്നെയാണ് മുഹമ്മദ് നബിﷺ പ്രവാചകനായി നിയോഗിക്കപ്പെടുന്നത്. ക്വുർആൻ പറയുന്നത് കാണുക:

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (അൽജുമുഅ: 2).

ഇസ്ഹാക്ﷺ, ഇസ്മാഈൽﷺ



എന്നിവരുടെ പരമ്പരയിലൂടെയാണല്ലോ പിൽക്കാലത്ത് അല്ലാഹു നബിമാരെ അയച്ചത്. ഇസ്ഹാക് നബിﷺയുടെ പരമ്പരയിലൂടെയാണ് അദ്ദേഹത്തിനു ശേഷം മുഹമ്മദ് നബിﷺക്ക് മുമ്പുള്ള എല്ലാ നബിമാരും നിയോഗിക്കപ്പെട്ടത്.

### തൗറാത്തിലും ഇഞ്ചീലിലും പേരുപറയപ്പെട്ട അന്തിമദൂതൻ

മുഹമ്മദ് നബിﷺയുടെ വരവിനെപ്പറ്റി വേദക്കാർക്ക് നന്നായി അറിയാമായിരുന്നു. കാരണം അന്ത്യപ്രവാചകന്റെ ആഗമനത്തെക്കുറിച്ച് അവരിലേക്ക് ഇറക്കപ്പെട്ട തൗറാത്തിലും ഇഞ്ചീലിലും അല്ലാഹു അറിയിച്ചിരുന്നു:

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്)..." (അൽഅഅ്റാഫ്: 157).

തൗറാത്തിലും ഇൻജീലിലും പേരുപറയപ്പെട്ട പ്രവാചകൻ ആയതിനാൽ തന്നെ വേദക്കാർ ആ പ്രവാചകന്റെ വരവിനെ പ്രതീക്ഷിക്കുന്നവരുമായിരുന്നു. അന്തിമദൂതന്റെ പ്രത്യേകതകളെപ്പറ്റിയും സവിശേഷതകളെക്കുറിച്ചും വേദഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാക്കിയവരായിരുന്നു ജൂത-ക്രൈസ്തവർ. അതിനാൽ തന്നെ മക്കയിലെ അറബികൾ ആ പ്രവാചകനിൽ വിശ്വസിക്കുന്നതിനു മുമ്പേ വിശ്വസിക്കേണ്ടവരായിരുന്നു ജൂത-ക്രൈസ്തവർ. പക്ഷേ, അസൂയയും കുടിപ്പകയും കാരണത്താൽ അവർ ആ പ്രവാചകനിൽ അവിശ്വസിക്കുകയാണുണ്ടായത്. **(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



**അധ്യായം: 59, ഭാഗം 4**

# ഹശ്ർ (തുരത്തിയോടിക്കൽ)

**(മദീനയിൽ അവതരിച്ചത്)**

أَلَمْ تَرَ إِلَى ٱلَّذِينَ نَافَقُوا۟ يَقُولُونَ لِإِخْوَٰنِهِمُ
ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَٰبِ لَئِنْ أُخْرِجْتُمْ
لَنَخْرُجَنَّ مَعَكُمْ وَلَا نُطِيعُ فِيكُمْ
أَحَدًا أَبَدًا وَإِن قُوتِلْتُمْ لَنَنصُرَنَّكُمْ وَٱللَّهُ
يَشْهَدُ إِنَّهُمْ لَكَٰذِبُونَ ﴿١١﴾
لَئِنْ أُخْرِجُوا۟ لَا يَخْرُجُونَ مَعَهُمْ وَلَئِن قُوتِلُوا۟
لَا يَنصُرُونَهُمْ وَلَئِن نَّصَرُوهُمْ لَيُوَلُّنَّ
ٱلْأَدْبَٰرَ ثُمَّ لَا يُنصَرُونَ ﴿١٢﴾
لَأَنتُمْ أَشَدُّ رَهْبَةً فِى صُدُورِهِم مِّنَ ٱللَّهِ
ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿١٣﴾
لَا يُقَٰتِلُونَكُمْ جَمِيعًا إِلَّا فِى قُرًى مُّحَصَّنَةٍ أَوْ
مِن وَرَآءِ جُدُرٍۭ بَأْسُهُم بَيْنَهُمْ شَدِيدٌ تَحْسَبُهُمْ
جَمِيعًا وَقُلُوبُهُمْ شَتَّىٰ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا
يَعْقِلُونَ ﴿١٤﴾
كَمَثَلِ ٱلَّذِينَ مِن قَبْلِهِمْ قَرِيبًا
ذَاقُوا۟ وَبَالَ أَمْرِهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿١٥﴾
كَمَثَلِ ٱلشَّيْطَٰنِ إِذْ قَالَ لِلْإِنسَٰنِ ٱكْفُرْ
فَلَمَّا كَفَرَ قَالَ إِنِّى بَرِىٓءٌ مِّنكَ
إِنِّىٓ أَخَافُ ٱللَّهَ رَبَّ ٱلْعَٰلَمِينَ ﴿١٦﴾
فَكَانَ عَٰقِبَتَهُمَآ أَنَّهُمَا فِى ٱلنَّارِ خَٰلِدَيْنِ فِيهَا
وَذَٰلِكَ جَزَٰٓؤُا۟ ٱلظَّٰلِمِينَ ﴿١٧﴾

11. ആ കാപട്യം കാണിച്ചവരെ നീ കണ്ടില്ലേ? വേദക്കാരിൽപെട്ട സത്യനിഷേധികളായ അവരുടെ സഹോദരൻമാരോട് അവർ പറയുന്നു: തീർച്ചയായും നിങ്ങൾ പുറത്താക്കപ്പെട്ടാൽ ഞങ്ങളും നിങ്ങളുടെ കൂടെ പുറത്ത് പോകുന്നതാണ്. നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും ഒരാളെയും അനുസരിക്കുകയില്ല. നിങ്ങൾക്കെതിരിൽ യുദ്ധമുണ്ടായാൽ തീർച്ചയായും ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്. എന്നാൽ തീർച്ചയായും അവർ കള്ളം പറയുന്നവരാണ് എന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.
12. അവർ യഹൂദൻമാർ പുറത്താക്കപ്പെടുന്ന പക്ഷം ഇവർ (കപടവിശ്വാസികൾ) അവരോടൊപ്പം പുറത്തുപോകുകയില്ല തന്നെ. അവർ ഒരു യുദ്ധത്തെ നേരിട്ടാൽ ഇവർ അവരെ സഹായിക്കുകയുമില്ല. ഇനി ഇവർ അവരെ സഹായിച്ചാൽ തന്നെ ഇവർ പിന്തിരിഞ്ഞോടും, തീർച്ച. പിന്നീട് അവർക്ക് ഒരു സഹായവും ലഭിക്കുകയില്ല.
13. തീർച്ചയായും അവരുടെ മനസ്സുകളിൽ അല്ലാഹുവെക്കാൾ കൂടുതൽ ഭയമുള്ളത് നിങ്ങളെ പറ്റിയാകുന്നു. അവർ കാര്യം ഗ്രഹിക്കാത്ത ഒരു ജനതയായത് കൊണ്ടാകുന്നു അത്.
14. കോട്ടകെട്ടിയ പട്ടണങ്ങളിൽവെച്ചോ മതിലുകളുടെ പിന്നിൽനിന്നോ അല്ലാതെ അവർ ഒരുമിച്ച് നിങ്ങളോട് യുദ്ധം ചെയ്യുകയില്ല. അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു. അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഭിന്നിപ്പിലാകുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായത് കൊണ്ടത്രെ അത്.
15. അവർക്കു മുമ്പ് അടുത്തുതന്നെ കഴിഞ്ഞുപോയവരുടെ സ്ഥിതി പോലെത്തന്നെ. അവർ ചെയ്തിരുന്ന കാര്യങ്ങളുടെ ദുഷ്ഫലം അവർ ആസ്വദിച്ചുകഴിഞ്ഞു. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.
16. പിശാചിന്റെ അവസ്ഥ പോലെത്തന്നെ. മനുഷ്യനോട്, നീ അവിശ്വാസിയാകൂ എന്ന് അവൻ പറഞ്ഞ സന്ദർഭം. അങ്ങനെ അവൻ അവിശ്വസിച്ചു കഴിഞ്ഞപ്പോൾ അവൻ (പിശാച്) പറഞ്ഞു: തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽനിന്ന് വിമുക്തനാകുന്നു. തീർച്ചയായും ലോകരക്ഷിതാവായ അല്ലാഹുവെ ഞാൻ ഭയപ്പെടുന്നു.
17. അങ്ങനെ അവർ ഇരുവരുടെയും പര്യവസാനം അവർ നരകത്തിൽ നിത്യവാസികളായി കഴിയുക എന്നതായിത്തീർന്നു. അതത്രെ അക്രമകാരികൾക്കുള്ള പ്രതിഫലം.

11). പിന്നീട് കപടവിശ്വാസികളുടെ അവസ്ഥയിൽ അല്ലാഹു അത്ഭുതപ്പെടുത്തുന്നു. സത്യവിശ്വാസികൾക്കെതിരെ വേദക്കാരായ തങ്ങളുടെ സഹോദരങ്ങളെ സഹായിക്കാനും അവരുമായി ആത്മബന്ധം സ്ഥാപിക്കാനും അവർ ആഗ്രഹിക്കുന്നു. അവരോട് അവർ പറയുന്നു: (തീർച്ചയായും നിങ്ങൾ പുറത്താക്കപ്പെട്ടാൽ ഞങ്ങളും നിങ്ങളുടെ കൂടെ പുറത്ത് പോകുന്നതാണ്. നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും ഒരാളെയും അനുസരിക്കുകയില്ല).

അതായത് നിങ്ങളെ സഹായിക്കാതിരിക്കാൻ ആവശ്യപ്പെടുന്ന ഞങ്ങളെ ഭീഷണിപ്പെടുത്തുന്ന, ആക്ഷേപിക്കുന്ന ഒരാളെയും തന്നെ. ഈ വാഗ്ദാനത്തിൽ അവരുടെ സഹോദരങ്ങൾ വഞ്ചിതരായി. അതിനപ്പുറത്തേക്ക് അവർ അന്വേഷിച്ചില്ല. കളവുപറയൽ അവരുടെ പ്രത്യേകതയാണ്. ചതിയും വഞ്ചനയും അവരുടെ കൂടെപ്പിറപ്പും. ഭീരുത്വവും കാപട്യവുമാകട്ടെ എപ്പോഴും കൂടെയുണ്ടുതാനും.

12). അതിനാൽ അല്ലാഹു അവരെ തന്റെ വാക്കുകളാൽ തള്ളിക്കളയുന്നു. അവൻ പറഞ്ഞത് തന്നെ ഉണ്ടാവുകയും പറഞ്ഞതുപോലെ സംഭവിക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു: (അവർ -യഹൂദന്മാർ- പുറത്താക്കപ്പെടുന്ന പക്ഷം) അതായത്, അവരുടെ ഭവനങ്ങളിൽ നിന്ന്; നാടുവിട്ടും പുറത്താക്കപ്പെട്ടും. (ഇവർ-കപടവിശ്വാസികൾ- അവരോടൊപ്പം പുറത്തുപോകുകയില്ല). സ്വന്തം നാടിനോടുള്ള സ്നേഹംകൊണ്ടും യുദ്ധം അസഹനീയമായതുകൊണ്ടും. കരാർ പാലിക്കാത്തവരായതുകൊണ്ടാണത്. (അവർ ഒരു യുദ്ധത്തെ നേരിട്ടാൽ ഇവർ അവരെ സഹായിക്കുകയുമില്ല). മറിച്ച് ഭീരുത്വം അവരെ കീഴടക്കി, ദൗർബല്യം അവരെ സ്വാധീനിച്ചു. ഏറ്റവും ആവശ്യമുള്ള സന്ദർഭത്തിൽ അവർ അവരുടെ സഹോദരങ്ങളെ കൈവിട്ടു. (ഇനി അവർ ഇവരെ സഹായിച്ചാൽ തന്നെ). അങ്ങനെ കണക്കാക്കുകയും സങ്കൽപിക്കുകയും ചെയ്താൽ തന്നെ. (ഇവർ പിന്തിരിഞ്ഞോടും, തീർച്ച! പിന്നീട് അവർക്കൊരു സഹായവും ലഭിക്കുകയില്ല). യുദ്ധത്തിൽ സഹായം നൽകുന്നതിൽനിന്നും പിന്തിരിയുകയാണുണ്ടാവുക. അല്ലാഹുവിന്റെ സഹായവും അവർക്കുണ്ടാകില്ല.

13). സത്യവിശ്വാസികളേ, ഇതിനവരെ പ്രേരിപ്പിക്കുന്ന കാരണം: (തീർച്ചയായും അവരുടെ മനസ്സുകളിൽ അല്ലാഹുവെക്കാൾ കൂടുതൽ ഭയമുള്ളത് നിങ്ങളെപ്പറ്റിയാകുന്നു). അല്ലാഹുവിനെ ഭയപ്പെടുന്നതിനെക്കാൾ നിങ്ങളെ അവർ ഭയപ്പെടുന്നു. ഉപകാരവും ഉപദ്രവവും ഉടമപ്പെടുത്തുന്ന സ്രഷ്ടാവിനെ ഭയപ്പെടുന്നതിനെക്കാൾ ഉപകാരമോ ഉപദ്രവമോ ഉടമപ്പെടുത്താത്ത സൃഷ്ടികളെയാണ് അവർ കൂടുതൽ ഭയപ്പെട്ടത്. (അവർ കാര്യം ഗ്രഹിക്കാത്ത ഒരു ജനതയായതുകൊണ്ടാകുന്നു അത്). ഓരോന്നിന്റെയും മുൻഗണനാക്രമവും വിഷയങ്ങളുടെ യാഥാർഥ്യങ്ങളും മനസ്സിലാക്കാത്ത, പരിണിതികൾ ഉൾക്കൊള്ളാത്തവർ. എന്നാൽ സ്രഷ്ടാവിനെ കുറിച്ചുള്ള ഭയവും പ്രതീക്ഷയും അവനോടുള്ള സ്നേഹവും മറ്റെന്തിനെക്കാളും മികച്ചുനിൽക്കണം. മറ്റുള്ളതെല്ലാം അതിന്റെ തുടർച്ച മാത്രമാണ്.

14) (അവർ ഒരുമിച്ച് നിങ്ങളോട് യുദ്ധം ചെയ്യുകയില്ല). അതായത് ഒരുമിച്ച് കൂടുന്ന സന്ദർഭത്തിൽ. (കോട്ടകെട്ടിയ പട്ടണങ്ങളിൽ വെച്ചോ മതിലുകളുടെ പിന്നിൽനിന്നോ അല്ലാതെ). നിങ്ങൾക്കെതിരെയുള്ള യുദ്ധത്തിൽ അവർ സ്ഥൈര്യം കാണിക്കുകയോ ഉറച്ചുനിൽക്കുകയോ ചെയ്യുന്നത് പട്ടണത്തിലെ കോട്ടക്കുള്ളിലാകുമ്പോഴും ചുമരുകൾക്കും മതിലുകൾക്കും പിന്നിലാകുമ്പോഴും മാത്രമാണ്. കാരണം അവക്ക് സ്വന്തമായി ധൈര്യം ആവശ്യമില്ലാത്തത് കോട്ടകളിലും ചുമരുകളിലും അവലംബിച്ച് പ്രതിരോധം സാധ്യമായേക്കാവുന്നതിനാലാണ്. ഇതിൽ അവർക്കെതിരിലുള്ള വലിയ ആക്ഷേപമുണ്ട്. (അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു). അവർക്കിടയിലുള്ള ഏറ്റുമുട്ടൽ ശക്തമാണ്. അവരുടെ ശക്തിയിലോ ശരീരത്തിലോ അല്ല അവർക്ക് അപകടം; അവരുടെ വിശ്വാസ ദുർബലതയിലും അനൈക്യത്തിലുമാണ്. അതാണ് അല്ലാഹു പറയുന്നത്: (അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു). അവരെ ഒത്തൊരുമിച്ച് കാണുമ്പോഴും പ്രത്യക്ഷപ്പെടുമ്പോഴും. എന്നാൽ അവരുടെ ഹൃദയങ്ങൾ (ഭിന്നിപ്പിലാകുന്നു). അതായത് ഭിന്നിച്ചവരും പരസ്പരം വിദ്വേഷം പുലർത്തുന്നവരും. (അത്) മേൽപറഞ്ഞ കാര്യങ്ങൾ അവരിൽ അനിവാര്യമായിത്തീർന്നത്; (അവർ ചിന്തിച്ചുമനസ്സിലാക്കാത്ത ഒരു ജനതയായതുകൊണ്ടാണത്രെ). അവർക്ക് ബുദ്ധിയും തന്റേടവുമില്ല. ഉണ്ടെങ്കിൽ മഹത്ത്വം കുറഞ്ഞതിനെക്കാൾ കൂടിയതിനെ അവർ തെരഞ്ഞെടുക്കുമായിരുന്നു. രണ്ട് കാര്യങ്ങളിൽ ഏറ്റവും മോശമായതിൽ അവർ തൃപ്തിപ്പെടുമായിരുന്നില്ല. അവരൊരുമിക്കുകയും പ്രയോജനങ്ങൾക്ക് അവരുടെ ഹൃദയം ഇണങ്ങുകയും ചെയ്യുമായിരുന്നു. അപ്പോൾ അവർ പരസ്പരം സഹായിക്കുകയും ശക്തിപ്പെടുത്തുകയും പിന്തുണ നൽകുകയും ചെയ്യുമായിരുന്നു; അവരുടെ നന്മക്കും പര

പ്രയോജനങ്ങൾക്കും വേണ്ടി. അവഗണിക്കപ്പെട്ട ഈ വേദക്കാരെ പോലെത്തന്നെ. അവരിൽ അല്ലാഹു പ്രവാചകന് വിജയം വരുത്തി. ഇലഹോകത്ത് അവരെ നിന്ദ്യത ആസ്വദിപ്പിച്ചു; സഹായവാഗ്ദാനം നൽകിയവരുടെ സഹായം നഷ്ടപ്പെടുത്തിയും കൊണ്ട്.

15) (അവർക്കുമുമ്പ് അടുത്തുതന്നെ കഴിഞ്ഞുപോയവരുടെ സ്ഥിതി പോലെത്തന്നെ). ഇവർ ക്വുറൈശികളിൽപെട്ട നിഷേധികളാണ്.

وَإِذْ زَيَّنَ لَهُمُ ٱلشَّيْطَـٰنُ أَعْمَـٰلَهُمْ وَقَالَ لَا غَالِبَ لَكُمُ ٱلْيَوْمَ مِنَ ٱلنَّاسِ وَإِنِّى جَارٌ لَّكُمْ ۖ فَلَمَّا تَرَآءَتِ ٱلْفِئَتَانِ نَكَصَ عَلَىٰ عَقِبَيْهِ وَقَالَ إِنِّى بَرِىٓءٌ مِّنكُمْ إِنِّىٓ أَرَىٰ مَا لَا تَرَوْنَ

"ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞുകൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ട് സംഘങ്ങൾ കണ്ടുമുട്ടിയപ്പോൾ അവൻ പറഞ്ഞു: എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല. തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്" (അൻഫാൽ: 48).

അവർതന്നെ അവരെ വഞ്ചിച്ചു. വഞ്ചിക്കുന്നവരെല്ലാം അവരെ വഞ്ചിച്ചു. അവരിൽനിന്നും ഇവർ ശിക്ഷയെ തടുക്കുകയോ ഉപകാരം ചെയ്യുകയോ ചെയ്തില്ല. അഹങ്കാരത്തോടെയും ദുരഭിമാനത്തോടെയും അവർ ബദ്റിലെത്തി. അല്ലാഹുവിന്റെ ദൂതനെയും വിശ്വാസികളെയും പിടികൂടാമെന്ന വ്യാമോഹ, വിചാരങ്ങളുമായി. അന്നേരം അല്ലാഹു തന്റെ ദൂതനെയും സത്യവിശ്വാസികളെയും അവർക്കെതിരെ സഹായിച്ചു. അവരിലെ നേതാക്കളെയും പ്രമുഖരെയും വിശ്വാസികൾ വധിച്ചു. അവരെ ബന്ധനസ്ഥനാക്കിയവരെ അവരും ബന്ധനസ്ഥരാക്കി. പലരും ഓടിപ്പോയി. അവരുടെ നിലപാടിന്റെ ഭവിഷ്യത്തും ബഹുദൈവത്വത്തിന്റെയും അതിക്രമത്തിന്റെയും പരിണിതികളും അവരനുഭവിച്ചു. ഇത് ഇഹലോകത്തെ അവസ്ഥ. (അവർക്കുണ്ട്) പരലോകത്ത് നരകശിക്ഷയും.

16). വേദക്കാരായ തങ്ങളുടെ സഹോദരങ്ങളെ വഞ്ചിച്ച ഈ കപടവിശ്വാസികളുടെ ഉപമ (പിശാചിന്റെ അവസ്ഥപോലെ തന്നെ, മനുഷ്യനോട് നീ അവിശ്വാസിയാകൂ എന്ന് അവൻ പറഞ്ഞ സന്ദർഭം). അതായത് അവിശ്വാസത്തെഭംഗിയായും നല്ലതായും അവൻ മനുഷ്യന് കാണിച്ചുകൊടുത്തു. അതിലേക്ക് അവനെ ക്ഷണിച്ചു. അതിലവൻ വഞ്ചിതനാവുകയും നിഷേധിയാവുകയും ചെയ്ത് പ്രയാസപ്പെട്ടപ്പോൾ അവനെ ക്ഷണിച്ചുകൊണ്ടെത്തിച്ച പിശാച് അവനെ വിട്ടുമാറി. (അവൻ പറഞ്ഞു: തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽ നിന്ന് വിമുക്തനാകുന്നു. തീർച്ചയായും ലോകരക്ഷിതാവായ അല്ലാഹുവെ ഞാൻ ഭയപ്പെടുന്നു). നിന്നെ ബാധിച്ച ശിക്ഷയെ തടുക്കാൻ എനിക്ക് കഴിയില്ല. നിനക്കൊരു ഗുണവും എനിക്ക് ചെയ്തുതരാനുമാവില്ല.

17). അങ്ങനെ അവർ ഇരുവരുടെയും പര്യവസാനം). അതായത് ക്ഷണിക്കുന്ന പിശാചിന്റെയും ക്ഷണിക്കപ്പെടുമ്പോൾ അനുസരിക്കുന്ന മനുഷ്യന്റെയും. (അവർ നരകത്തിൽ നിത്യവാസികളായി കഴിയുക എന്നതായിത്തീർന്നു). അല്ലാഹു പറഞ്ഞതുപോലെ:

إِنَّمَا يَدْعُوا۟ حِزْبَهُۥ لِيَكُونُوا۟ مِنْ أَصْحَـٰبِ ٱلسَّعِيرِ

"അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടി മാത്രമാണ്" (ഫാത്വിർ: 6).

(അതത്രെ അക്രമകാരികൾക്കുള്ള പ്രതിഫലം) അവിശ്വാസത്തിലും അക്രമത്തിലും പരസ്പരം പങ്കുചേരന്നവർക്ക് ശിക്ഷയുടെ കാഠിന്യത്തിൽ അവർ വ്യത്യസ്തരാണെങ്കിലും പിശാച് തന്റെ മിത്രങ്ങളോട് കാണിക്കുന്ന പതിവ് ഇതാണ്. അവൻ അവരെ വഞ്ചനയിലൂടെ അവർക്ക് ദോഷകരമായതിലേക്ക് ക്ഷണിക്കുകയും എത്തിക്കുകയും ചെയ്യുന്നു. അങ്ങനെ അവർ ആ വലയിൽ വീഴുകയും വിവിധ നാശങ്ങൾ അവരെ വലയം ചെയ്യുകയും ചെയ്താൽ അവൻ അവരിൽനിന്ന് മാറിപ്പോകുകയും ഒഴിവാകുകയും ചെയ്യും. അവനെ പിൻപറ്റുന്നവർക്കാണ് നാശവും. അവനെക്കുറിച്ച് അല്ലാഹു താക്കീത് ചെയ്യുകയും ഭയപ്പെടുത്തുകയും ചെയ്യുന്നു. അവന്റെ താൽപര്യവും ലക്ഷ്യവും പരിണിതിയുമെല്ലാം പറഞ്ഞുതരികയും ചെയ്യുന്നു. അതിനാൽ അവനെ അനുസരിക്കാൻ മുതിരുന്നവൻ അറിഞ്ഞുകൊണ്ട് അനുസരണക്കേട് കാണിക്കുന്നവനാണ്; അവന് യാതൊരു ന്യായവുമില്ല.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# ലൂസ് ജീൻസ്

മാറ്റിവച്ച ജീൻസ് അന്ന് ധരിച്ചു. അരവണ്ണം കൂടിയതുകൊണ്ട് മാറ്റിവച്ചിരുന്നതാണ്. ഇപ്പോൾ വയർ ഇത്തിരി കൂടി. ബെൽറ്റും കൂടി കെട്ടിയാൽ ആ ജീൻസ് ധരിക്കാവുന്ന തരത്തിലായി.

ആ ജീൻസ് കൊല്ലങ്ങൾക്കുമുമ്പ് വാങ്ങിയതാണ്. ഒരു കച്ചവടക്കാരൻ സുഹൃത്തിന്റെ നിർബന്ധം കാരണം.

നികുതി അടച്ചുതീർക്കാൻ സാവകാശം തേടി എത്തിയ അന്നാണ് ആദ്യമായി അയാളെ കണ്ടത്. സംസ്ഥാനത്തിന്റെ പുറത്തുനിന്ന് പാന്റ്സ്, ജീൻസ് എന്നിവ വാങ്ങി കടകൾക്ക് വിൽക്കുന്ന ഒരു സംരംഭം.

ഹോൾസെയിൽ കച്ചവടം നടത്തുന്ന ഒരാളെ അയാളുടെ ശരീരഭാഷയിൽനിന്ന് വായിക്കാൻ പറ്റിയില്ല. ഒരു സാധാരണക്കാരൻ. ഉയരം കുറഞ്ഞ് ഇത്തിരി തടിയുള്ള, ഇരുനിറമുള്ള ചെറുപ്പക്കാരൻ. അടക്കാനുള്ളത് വലിയ തുകയല്ലെങ്കിലും അയാൾക്കത് ചില്ലറസംഖ്യ ആയിരുന്നില്ല. തവണകളായി അടക്കാൻ അനുമതികൊടുത്തു. അടച്ചുതീർക്കുകയും ചെയ്തു.

കടയിൽ ചെല്ലാൻ പല തവണ ക്ഷണിച്ചിരുന്നു. അങ്ങനെ ഒരു തവണ ചെന്നു. ബസ് സ്റ്റാൻഡിന് അടുത്ത് ഉയരമുള്ള ഒരു കെട്ടിടത്തിൽ. കൂടുതൽ സ്റ്റോക്ക് ഒന്നുമില്ല. പാന്റ്സും ജീൻസും റാക്കുകളിൽ സൈസ് അനുസരിച്ച് അടുക്കിപ്പെറുക്കിവെച്ചിരിക്കുന്നു.

എന്റെ മക്കളെക്കുറിച്ച് അന്വേഷിച്ചു. പ്രായം ചോദിച്ചു. അവർക്ക് യോജിക്കുന്ന പാന്റ്സോ ജീൻസോ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു. എന്റെ സൈസ് കണക്കാക്കി ഒരു റാക്കിൽനിന്ന് ഇഷ്ടപ്പെട്ടവ തിരഞ്ഞെടുക്കാനും പറഞ്ഞു.

അതിനിടെ അയാൾ ബിസിനസ്സ് കാര്യങ്ങൾ പറഞ്ഞു തുടങ്ങി. റെഡിമെയ്ഡ് ഇനങ്ങൾക്ക് പ്രസിദ്ധി നേടിയ ഒരു നഗരത്തിൽനിന്ന് ചരക്കുകൾ വാങ്ങി കടകളിൽ വിൽപന തുടങ്ങി. തുടക്കത്തിൽ കുഴപ്പമില്ലാതെ നീങ്ങി. പിന്നീട് ജീൻസ് ഒരു ബ്രാൻഡ് ആക്കി ഇറക്കി. അതിന്റെ കച്ചവടവും തരക്കേടില്ലാതെ നടന്നു. കടകളിൽ സ്റ്റോക്ക് കടമായി കൊടുക്കണം. കുറച്ച് പണം കിട്ടും. ആ തുകയെക്കാൾ കൂടുതൽ തുകയ്ക്ക് പിന്നെയും വാങ്ങും. എപ്പോഴും കടകളിൽ നിന്ന് കാശ് കിട്ടാൻ ബാക്കിയായിരിക്കും. കച്ചവടം തുടരണമെങ്കിൽ പിന്നെയും ചരക്ക് കൊടുക്കണം. അതിന് കൂടുതൽ കാശ് ഇറക്കണം. ചരക്ക് കൊടുക്കുന്നത് നിർത്തിയാൽ കിട്ടാനുള്ള കാശ് തീരെ കിട്ടാതെപോകും. വലിയ ബിസിനസ്സുകാർ പോലും ബാക്കി കാശ് കൊടുക്കുന്നില്ല. കച്ചവടം നിർത്തി എന്നറിഞ്ഞാൽ കടക്കാർ ബാക്കി കാശ് തീരെ കൊടുക്കില്ല. അതിനാൽ നിർത്താതെ പേരിന് നടത്തിക്കൊണ്ടുപോകുന്നു. ലക്ഷങ്ങൾ കിട്ടാനുണ്ട്.

മക്കൾക്ക് രണ്ടുജോഡി വീതം എടുത്തു. എനിക്ക് ഒരു വെള്ള പാന്റ്സ് എടുത്തു. ഇപ്പോഴും അത് എന്റെ പ്രിയപ്പെട്ടതിൽ ഒന്നാണ്.

എനിക്ക് കടുംനീല നിറമുള്ള ഒരു ജീൻസ് അയാൾ എടുത്തുതന്നു. നല്ല തുണിയാണ്, എടുത്തോളൂ എന്ന് നിർബന്ധിച്ചു. എനിക്കത് അരവണ്ണം കൂടുതലായിരുന്നു. എന്നാലും അത് അഡ്ജസ്റ്റ് ചെയ്ത് ധരിയ്ക്കാം, എടുത്തോളൂ എന്ന് തുടർച്ചയായ നിർബന്ധം. ധരിക്കാൻ പറ്റില്ല എന്നറിഞ്ഞും ഞാനത് മടക്കിയില്ല. വേണ്ട എന്ന് പറയാൻ തോന്നിയില്ല.

കുറഞ്ഞ മൊത്തവില നിരക്കാണ് എന്നിൽനിന്ന് ഈടാക്കിയത്. അത്ഭുതപ്പെടുത്തുന്നത്ര കുറവായിരുന്നു അത്. വിലക്കുറവ് സൂചിപ്പിച്ചപ്പോൾ അതേ വിലക്കാണ് കടകളിൽ കൊടുക്കുന്നത് എന്നും അതിന്റെ കാശ് കിട്ടാൻ പിന്നെയും വൈകുമെന്നും റെഡിപൈസ കിട്ടുമെന്നതിനാൽ എനിക്ക് വിൽക്കുന്നത് ലാഭമാണെന്നും അയാൾ പറഞ്ഞു. മക്കൾക്കും ജീൻസ് ഇഷ്ടമായി.

പിന്നീട് ബസ് സ്റ്റാൻഡിൽ പോകുമ്പോൾ ആ കട നോക്കും. പലപ്പോഴും തുറന്നുകാണാറില്ല. പിന്നെ കടയുടെ ബോർഡും കാണാതായി. കടപൂട്ടി എന്ന് സാരം. ഞാനും അയാളെ മറന്നു. വർഷങ്ങൾ കടന്നു പോയി.

ഒരുനാൾ കുടുംബവുമൊത്ത് ടൗണിലെത്തിയപ്പോൾ എന്തോ, എനിക്കയാളെ ഓർമ വന്നു. നമ്പർ തപ്പിയെടുത്ത് വിളിച്ചു. ആദ്യം അയാൾക്ക് എന്നെ മനസ്സിലായില്ല. തിരിച്ചറിഞ്ഞപ്പോൾ ഒരു തേങ്ങലാണ് കേട്ടത്. അടുപ്പം കാണിച്ചിരുന്ന പലരും അകന്നപ്പോൾ ഞാൻ അയാളെ മറന്നില്ലല്ലോ, എന്ന സന്തോഷത്തിലാണ് അയാൾ സങ്കടപ്പെട്ടത്. കട പൂട്ടി. ജീവിക്കാൻ ടൗണിൽ ഓട്ടോറിക്ഷ ഓടിക്കുന്നു. നേരിൽ കാണണം. ഒരു ദിവസം എന്തായാലും ഓഫീസിൽ വരാമെന്നു പറഞ്ഞാണ് അയാൾ ഫോൺ വെച്ചത്.

അയാളുടെ പേര് എനിക്ക് ഓർമയില്ല; സ്ഥാപനത്തിന്റെ പേരാണ് ഓർമ. ഇതുവരെ ഓഫീസിൽ വന്നിട്ടില്ല അയാൾ. വരാതിരിക്കട്ടെ എന്നാണ് എന്റെയും തേട്ടം.

വ്യാപാരിയായി വാഹനത്തിൽ തിരക്കോഴിയാതെ സഞ്ചരിച്ചിരുന്നയാൾ ഇപ്പോഴത്തെ അവസ്ഥയിൽ ഓഫീസിൽ എത്തിയാൽ എത്രത്തോളം വൈകാരികമായി പ്രതികരിക്കും എന്ന ആശങ്കതന്നെ കാരണം.

ജീവിതയാത്രയിലെ കയറ്റിറക്കങ്ങൾ എത്രമേൽ അപ്രതീക്ഷിതമാണ്!

അല്ലെങ്കിലും മനുഷ്യരായ നമുക്ക് ഇതിലൊക്കെ എന്തു പങ്കാണുള്ളത്! എല്ലാം സർവശക്തനായ സ്രഷ്ടാവിന്റെ ഇംഗിതം പോലെ നടക്കുന്നു.

“അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്തത്” (ക്വുർആൻ 53:43).

“ഐശ്വര്യം നൽകുകയും സംതൃപ്തി വരുത്തുകയും ചെയ്തത് അവൻ തന്നെയാണ്” (ക്വുർആൻ 53:48).

പി.എൻ സോമൻ
mail@nerpatham.com





# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

പത്തനംതിട്ട ജില്ലയിലെ പ്രമുഖ തീർഥാടനകേന്ദ്രമായ ശബരിമല. മലമുകളിൽനിന്നും പടിഞ്ഞാറോട്ടു നീണ്ടു നിവർന്നുകിടക്കുന്ന, പുഴകളും തോടുകളും തലോടി തഴച്ചുകൊഴുത്തു നിൽക്കുന്ന നിബിഢവനം. അതിൽ അംബരചുംബികളായി നിവർന്നുനിൽക്കുന്ന മരമുത്തച്ഛന്മാർ. പൂമരങ്ങളാൽ വർണഭംഗിയാർന്നതും വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രവുമായ റാന്നി വനം ഡിവിഷൻ. ശബരിമല അടിവാരത്തുനിന്നും ഉത്ഭവിച്ച് വളഞ്ഞുപുളഞ്ഞു 10 കിലോമീറ്റർ പടിഞ്ഞാറോട്ടൊഴുകിപ്പോകുന്ന പമ്പാനദി. അതിന്റെ ഓരം ചേർന്ന് 'കുറുമ്പൻ' എന്ന ഗോത്രമൂപ്പന്റെ ആസ്ഥാനം. കുറുമ്പൻമൂഴി ഗോത്രസങ്കേതത്തിൽ 'ഉൾക്കാടർ' എന്ന ജാതിയിൽപെട്ട പതിനഞ്ച് ഗോത്ര ഊരുകൾ. മരമുകളിൽ മാടവും ചുവട്ടിൽ കൂരയുമായി ജീവിച്ചു വന്ന 'പുളിമൂട്ടിൽ' എന്ന വീട്ടിൽ ശങ്കരനാരായണന്റെയും ചക്കിപ്പൊടി പെണ്ണിന്റെയും പതിനൊന്നു മക്കളിൽ അഞ്ചാമത്തെ സന്തതിയായും ആണായും ജനിച്ച പി.എൻ.സോമൻ എന്ന, ആറാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള വ്യക്തിയാണ് 1957ൽ ജനിച്ച ഈയുള്ളവൻ.

1995വരെ(നാൽപതുവയസ്സു വരെ)യുള്ള ജീവിതം കൊണ്ട് മനസ്സിലായി, കാണാമറയത്ത് മറ്റൊരു ലോകമുണ്ട് എന്ന്; കഴിഞ്ഞകാലജീവിതം, വിശ്വാസം, ആചാരാനുഷ്ഠാനങ്ങൾ, വിളിച്ച ദൈവങ്ങൾ തുടങ്ങിയവയ്ക്കെല്ലാം എതിർദിശയിൽ മറ്റൊരു പരമസത്യം നിലനിൽക്കുന്നുണ്ട് എന്ന്.

1. ഈ ലേഖനം എഴുതുന്നതിനു പിന്നിൽ ആരുടെയെങ്കിലും പ്രേരണയില്ല. ഭൗതികമായ നേട്ടങ്ങളോ, പേരും സ്ഥാനമാനങ്ങളും ആഗ്രഹിച്ചിട്ടോ അല്ല. പ്രപഞ്ച സ്രഷ്ടാവിന്റെ കാരുണ്യം മാത്രമെ പ്രതീക്ഷിച്ചിട്ടുള്ളൂ.

2. ഏതെങ്കിലും ജാതി, മത വിശ്വാസങ്ങളെ ചെറുതായിക്കണ്ടു കളങ്കപ്പെടുത്തുന്നതിനും ഏതെങ്കിലും മതവിശ്വാസത്തെ അടിസ്ഥാനരഹിതമായി ഉയർത്തിപ്പിടിക്കുന്നതിനും ഒരു അണുപോലും ഉദ്ദേശിച്ചിട്ടില്ല.

3. കേട്ടുകേൾവികളും ഊഹാപോഹങ്ങളും അടിസ്ഥാനമാക്കിയല്ല.

4. 1983 മുതൽ 2012 വരെ സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞവയും അന്വേഷിച്ചു കണ്ടെത്തിയതുമായ സത്യം സത്യമായിത്തന്നെ വെളിവാക്കുമ്പോൾ ആരും അത് ജാതിമതവിശ്വാസ വിദ്വേഷമോ സ്പർദയോ പകപോക്കലോ ആയി പരിഗണിക്കരുതെന്ന് അപേക്ഷ.

5. തുച്ഛമായ വിദ്യാഭ്യാസവും പരിമിതമായ ലോകപരിചയവുമുള്ള ഒരു ഗോത്രവർഗക്കാരന്റെ മോചനം തേടിയുള്ള യാത്രാവിവരണത്തിൽ എന്തെങ്കിലുംപിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ പ്രപഞ്ചനാഥന്റെ നാമത്തിൽ ക്ഷമിക്കണമെന്നു വിനീതമായി അപേക്ഷിക്കുന്നു.

### എന്റെ ഹൈന്ദവ വിശ്വാസാചാരജീവിതം

ഞാൻ ജനിച്ചുവളർന്ന കുറുമ്പൻമൂഴിയുടെ ചരിത്രം എനിക്ക് കേട്ടും കണ്ടും അറിവുണ്ട്. എല്ലാ ഊരുകളും ഏതെങ്കിലും ഒരു മരത്തിന്റെ ചുവട്ടിൽ കാട്ടുകമ്പുകൾ, ഈറ, പുല്ല്, കാട്ടുവാഴ എന്നിവ കൊണ്ടു ഉണ്ടാക്കിയവയാണ്. മിക്കവാറും മരങ്ങളുടെ മുകളിൽ മാടങ്ങളുമുണ്ട്.

ഇവിടെയുള്ളവരെല്ലാം അതിപുരാതന വനവാസി മലഉൾക്കാടറിൽ പെട്ട ഗോത്രവർഗക്കാരാണ്. ഗോത്രവർഗത്തിന് ഒരു പ്രത്യേക മതവും നിലവിലില്ല. എന്നാൽ ഹൈന്ദവ ആചാരമാണ് പിൻപറ്റുന്നത്. ഓരോ ഗോത്രത്തിനും ഒരു തലവൻ (മൂപ്പൻ) ഉണ്ടായിരിക്കും. എന്റെ ഓർമയിൽ കുറുമ്പന്റെ പിൻഗാമികളായ അഞ്ച് മലമൂപ്പൻമാരുണ്ട്. എല്ലാവരും കുടുംബാംഗങ്ങൾ.

1) അറുകൊലരാമനപ്പൻ-വില്ലാളി വീരൻ. 2) രാമൻ കേളൻ. 3) രാമൻ രാഘവൻ. 4) രാമൻ ഗോപാലൻ. 5) രാമൻ തങ്കപ്പൻ (സ്വന്തം അമ്മാവന്മാർ).

ആരാധനാമൂർത്തികൾ: മരിച്ചു മൺമറഞ്ഞ പൂർവികരുടെ ശവകുടീരങ്ങൾ. 99 മലകളും മലമൂർത്തികളും. അരൂപികളായ മാടൻ, മർദ്ദ, കല്ലിലും തടിയിലും രൂപപ്പെടുത്തിയ ആൺ, പെൺ രൂപങ്ങൾ, സർപ്പങ്ങൾ, വൻമരങ്ങൾ, സൂര്യൻ, ചന്ദ്രൻ...

ആരാധനാമുറ: ചില പ്രത്യേക ദിവസങ്ങളിൽ തീകുണ്ഠങ്ങൾ കത്തിച്ച് വലം വയ്ക്കൽ.

പൂജാ വസ്തുക്കൾ: കള്ള്, ചാരായം, കഞ്ചാവ്, പുകയില, വെറ്റില, അടക്ക, കരിക്ക്, കാട്ടിറച്ചി ചുട്ടത്. ചില പൂജക്ക് നെല്ല്, അവൽ, ശർക്കര, പ്രത്യേക ഇനം വൃക്ഷങ്ങളുടെ ചില്ലിഇലകളും പൂവും കായും തൊലിയും, ചുവന്ന പട്ട് തുണി എന്നിവയും കണ്ടിട്ടുണ്ട്.

രോഗങ്ങൾ, അപകടങ്ങൾ, ബാല്യമരണങ്ങൾ, ഗർഭിണിയുടെ മരണം, കുടുംബകലഹങ്ങൾ, മനുഷ്യർക്കുണ്ടാകുന്ന ദുർവിധികൾ എന്നിവയ്ക്കെല്ലാം കാരണക്കാരൻ ഏതെങ്കിലും ഒരു ദുർപിശാചോ, അറുകൊലയോ, മാടനോ, മലഭൂതമോ ആയിരിക്കും എന്നാണ് വിശ്വാസം. ഉണ്ടാകുന്ന സംഭവങ്ങളിൽ മൂപ്പന്റെ പശ്ചാത്തല പഠനവും നിഗമനവും

**“ഞാൻ ജനിച്ചുവളർന്ന കുറുമ്പൻമൂഴിയുടെ ചരിത്രം എനിക്ക് കേട്ടും കണ്ടും അറിവുണ്ട്. എല്ലാ ഊരുകളും ഏതെങ്കിലും ഒരു മരത്തിന്റെ ചുവട്ടിൽ കാട്ടുകമ്പുകൾ, ഈറ, പുല്ല്, കാട്ടുവാഴ എന്നിവ കൊണ്ടു ഉണ്ടാക്കിയവയാണ്. മിക്കവാറും മരങ്ങളുടെ മുകളിൽ മാടങ്ങളുമുണ്ട്. ഇവിടെയുള്ളവരെല്ലാം അതിപുരാതന വനവാസി മലഉൾക്കാടറിൽ പെട്ട ഗോത്രവർഗക്കാരാണ്. ഗോത്രവർഗത്തിന് ഒരു പ്രത്യേക മതവും നിലവിലില്ല. എന്നാൽ ഹൈന്ദവ ആചാരമാണ് പിൻപറ്റുന്നത്. ഓരോ ഗോത്രത്തിനും ഒരു തലവൻ (മൂപ്പൻ) ഉണ്ടായിരിക്കും. എന്റെ ഓർമയിൽ കുറുമ്പന്റെ പിൻഗാമികളായ അഞ്ച് മലമൂപ്പൻമാരുണ്ട്. എല്ലാവരും കുടുംബാംഗങ്ങൾ.”**

അന്തിമമായിരിക്കും. ഗർഭിണിയാകുന്ന സ്ത്രീകളെ മർദ്ദ-പെൺ പിശാച്-ഉപദ്രവിക്കുകയാണെന്നുള്ളതിൽനിന്നും രക്ഷനേടാൻ, പുഴയിലെ പ്രത്യേക ഇനം (കണഞ്ഞോൻ) മീൻപിടിച്ച് ചുട്ട് ചിരട്ടയിൽ കള്ളും ഒഴിച്ച് ഗർഭിണിയെക്കൊണ്ട് ചൊവ്വ ദിവസങ്ങളിൽ രാത്രി, പെൺമർദ്ദക്ക് കൊടുത്ത് രക്ഷനേടുന്ന പ്രക്രിയ നേരിട്ടു കണ്ടിട്ടുണ്ട്.

വിവാഹം, ജനനം, മരണം പോലുള്ള വിശേഷ ദിവസങ്ങളിൽ പൂജാകർമങ്ങൾ നടത്താറുണ്ട്. ഏതൊരു പൂജയ്ക്കും ഒന്നാം സ്ഥാനം മദ്യത്തിനാണ്.

ഈ കാലഘട്ടത്തിലെല്ലാം ഓരോ ഊരുകളുടെയും ഉപജീവനമാർഗം വനസമ്പത്തു തന്നെ. ഓരോ ഊരിലും രണ്ടുജോഡി നായ്ക്കൾ ഉണ്ടായിരിക്കും. മൃഗവേട്ടക്കായി അമ്പ്, കവണി, തെറ്റാലി, പാര എന്നീ ആയുധങ്ങളും ഉണ്ടാകും. ആഹാരത്തിനായി പനംപൊടി, തേൻ, മുളയരി, കിഴങ്ങുവർഗത്തിൽപെട്ട നൂറോൻ, മാന്തൽ, ഇലത്തൽ, മക്കുംകായ്, കാട്ടുകാച്ചിൽ, പഴവർഗത്തിൽ മീശമിനിക്കിപ്പഴം, ആടിമുണ്ടപ്പഴം, കെരട്ടിപ്പഴം, വെട്ടിപ്പഴം തുടങ്ങിയവയും കച്ചവടത്തിനായി മുള, ഈറ, ചൂരൽ, പൂവത്തരി, മഞ്ഞക്കൂവ, മരമഞ്ഞിൾ, ചൊന്നൻപൂവ്, തേൻമെഴുക്, പലയിനം പച്ചമരുന്നുകൾ എന്നിവയും കണ്ടെത്തും.

വിദ്യാഭ്യാസം, കൃഷി, നാളേക്കുള്ള കരുതൽ എന്നിവയെക്കുറിച്ചൊന്നും ചിന്തിക്കാറില്ല. ഓരോ ദിവസവും കഴിഞ്ഞു കൂടുക എന്ന ലക്ഷ്യവും സ്വഭാവവുമുള്ള ശുദ്ധപ്രകൃതിയായ പാവം മനുഷ്യർ.

കളവ്, നുണ പറയൽ, മോഷണം, അസൂയ, കലഹം എന്നിവ മഹാപാപമാണെന്നും അവ ചെയ്താൽ ആരാധനാമൂർത്തികൾ ശിക്ഷിക്കുമെന്ന താക്കീതും മുന്നറിയിപ്പും പൂർവികരിൽനിന്നും മൂപ്പൻ പിൻതലമുറകളിലേക്ക് കർശനമായി കൈമാറുന്നതിനാൽ മുകളിൽപറഞ്ഞ കൃത്യങ്ങളൊന്നും സംഭവിക്കാറില്ല.

വനവും ഫലവൃക്ഷങ്ങളും നശിപ്പിക്കുന്നത് മൂപ്പന്മാർ അനുവദിച്ചിരുന്നില്ല. മൃഗങ്ങളെ വേട്ടയാടുന്നതിന് പോലും കൃത്യമായ മാർഗനിർദേശങ്ങളുണ്ട്. ഗർഭിണിയോ കുട്ടിയുള്ളതോ ആയ മൃഗത്തെയോ, ഇണചേരുകയും ഉറങ്ങുകയും ചെയ്യുന്ന മൃഗത്തെയോ വേട്ടയാടാൻ അനുവാദമില്ല. പെൺമൃഗത്തെ വേട്ടയിൽനിന്നും കഴിവതും ഒഴിവാക്കുന്നു. പന്നി, ഗരുഡൻ, കൃഷ്ണപ്പരുന്ത് എന്നിവയെ കൊല്ലുകയോ ഭക്ഷിക്കുകയോ ഇല്ല. മ്ലാവ്, കേഴമാൻ, കുരൻ, മുള്ളൻ മുയൽ, വേഴാമ്പൽ, പ്രാവ് എന്നീ പക്ഷിമൃഗാദികളെ വേട്ടയാടി ഭക്ഷിക്കും.

വൃദ്ധരെയും സ്ത്രീകളെയും കുട്ടികളെയും യാതൊരുവിധ ഉപദ്രവങ്ങളും ചെയ്യാൻ അനുവാദമില്ല. യാത്ര ചെയ്യുമ്പോൾ സ്ത്രീകളെയും കുട്ടികളെയും മുമ്പിൽ നടത്തുകയും പുരുഷന്മാർ പിന്നിൽ നടക്കുകയും വേണം. ഊരുമൂപ്പന്മാരുടെ നിർദേശങ്ങൾ അണുഇട തെറ്റാൻ അനുവദിക്കില്ല.

1980 കാലഘട്ടംവരെ കുറുമ്പൻ മൂഴിയിൽ ഇവയെല്ലാം നിലനിന്നിരുന്നു. പ്രായമായ മൂപ്പന്മാർ മരണപ്പെടും മുമ്പ് യുവതലമുറയ്ക്ക് കൈമാറിവന്ന പല ആചാരാനുഷ്ഠാനങ്ങളും ഭാഗികമായി നഷ്ടപ്പെട്ടു. ഇപ്പോൾ ചിലതൊക്കെ നാമമാത്രമായി നിലനിന്നു വരുന്നു.

ജനകീയ ഭരണം വന്നതിനാൽ വനത്തിന്റെയെല്ലാം നിയന്ത്രണം വനംവകുപ്പിന്റെ അധീനതയിലായ കാലം. കുറുമ്പന്റെ ഊരിൽ വന്ന ഏതോചില വനം വകുപ്പ് ഉദ്യോഗസ്ഥർ, എന്റെ മാതാപിതാക്കളെ നിർബന്ധിച്ച് അവരുടെ സഹായത്തോടുകൂടി എന്നെ പുറംനാട്ടിൽ സ്കൂളിൽ വിട്ടു. വളരെ ത്യാഗം സഹിച്ചു, 6ാം ക്ലാസ്സുവരെ പഠിച്ചു നിർത്തി.



ഈ കാലഘട്ടത്തിൽ വനാന്തരങ്ങളിൽ കഴിയുന്ന ഊരുവാസികളുടെയെല്ലാം മേൽനോട്ടവും സംരക്ഷണവും വനംവകുപ്പ് ഏറ്റെടുത്തു. ഓരോ ഊരുഗ്രാമവും ഗിൽമെന്റ് സെറ്റിൽമെന്റ് കോളനികളായി വനംവകുപ്പ് രജിസ്റ്റർ ചെയ്തു.

ഊരുമൂപ്പനോടൊപ്പം കോളനി പ്രസിഡന്റ്, കോളനി സെക്രട്ടറി എന്നീ രണ്ടുപേരെ വനംവകുപ്പ് നിയമിക്കുകയും ഊരുവാസികളുടെ സർവപ്രശ്നങ്ങളിലും പൊതുപ്രവർത്തകരായി സേവനം ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു.

1975ൽ ഞങ്ങളുടെ ഊരിൽ യുവതലമുറയിൽ മലയാളം തട്ടിമുട്ടി എഴുതാനും വായിക്കാനും അറിവുള്ള ഏക വ്യക്തി ഞാൻ മാത്രമായിരുന്നു. 1975 മുതൽ 1995 വരെയുള്ള 20 വർഷം അതായിരുന്നു അവസ്ഥ!

വനത്തിലെ ജോലി ചെയ്യുന്നതിന് വനംവകുപ്പും ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുന്നതിന് ആദിവാസി ക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് നാട്ടിൻപുറത്തും ടൗണുകളിലും ഇറങ്ങി സഞ്ചരിക്കുന്നതിനാൽ പല ഉന്നത ഉദ്യോഗസ്ഥരും നാട്ടുപ്രമാണിമാരും മത, രാഷ്ട്രീയ നേതാക്കളുമായെല്ലാം ഇടപഴകി ബന്ധപ്പെടാൻ അവസരം ലഭിച്ചുകൊണ്ടിരുന്നു.

ഗിരിജൻ സർവീസ് സഹകരണ സംഘത്തിലെ ജീവനക്കാരനായി അഞ്ചു വർഷം പ്രവർത്തിക്കാൻ അവസരം ലഭിച്ചത് ധാരാളം പുറംമേഖലകളിൽ പലതും കണ്ടുപഠിക്കാനുള്ള അവസരമായിരുന്നു.

മാതാപിതാക്കളുടെ ആരാധനയും വിശ്വാസവും പൻപറ്റിയതിനാൽ ചെറുപ്പം മുതൽക്കേ ഭയഭക്തി ഉണ്ടായിരുന്നു. സംസ്ഥാനത്തുള്ള പല ക്ഷേത്രങ്ങളിലും പോയി ദർശനം നടത്തി പ്രാർഥിക്കുന്നതിനുള്ള അവസരങ്ങൾ സുലഭമായിരുന്നു.

നാട്ടിൻപുറത്തുള്ള പല ക്ഷേത്രങ്ങളിലെയും ആചാരകർമങ്ങൾ പല സന്ദർഭങ്ങളിലും വീക്ഷിച്ച് ശ്രദ്ധിച്ച് മനസ്സിലാക്കിയപ്പോൾ പല പല സംശയങ്ങളും ആശങ്കകളും ഉടലെടുത്തു. മിക്ക ക്ഷേത്രങ്ങളിലും പ്രതിഷ്ഠകൾ നല്ല രൂപഭംഗിയുള്ളതും വിലപിടിപ്പുള്ള ലോഹങ്ങൾകൊണ്ട് നിർമിച്ചതും വെടിപ്പും വൃത്തിയുമുള്ളതുമായിരുന്നു. പൂജാ വസ്തുക്കളാണെങ്കിൽ മുന്തിയ സുഗന്ധദ്രവ്യങ്ങളും നിവേദ്യങ്ങളും. മദ്യമോ മത്സ്യമാംസങ്ങളോ ആടലോ അട്ടഹാസങ്ങളോ അവിടെ കാണാൻ കഴിഞ്ഞില്ല.

ഞങ്ങളുടെ ആചാരവും ആരാധനയും ഉയർന്ന ജാതിയിൽപെട്ടവരുടെ ആചാരവും ആരാധനയും തമ്മിൽ വളരെ വ്യത്യാസമുള്ളതായി എനിക്കു ബോധ്യപ്പെട്ടു.

'അവലും മലരും ദൈവങ്ങൾക്ക്
പാലും നെയ്യും ദൈവങ്ങൾക്ക്
പുഷ്പവും പഴങ്ങളും ദൈവങ്ങൾക്ക്
പട്ടും സുഗന്ധവും ദൈവങ്ങൾക്ക്'

> **“രോഗങ്ങൾ, അപകടങ്ങൾ, ബാല്യമരണങ്ങൾ, ഗർഭിണിയുടെ മരണം, കുടുംബകലഹങ്ങൾ, മനുഷ്യർക്കുണ്ടാകുന്ന ദുർവിധികൾ എന്നിവയ്ക്കെല്ലാം കാരണക്കാരൻ ഏതെങ്കിലും ഒരു ദുർപിശാചോ, അറുകൊലയോ, മാടനോ, മലഭൂതമോ ആയിരിക്കും എന്നാണ് വിശ്വാസം. ഉണ്ടാകുന്ന സംഭവങ്ങളിൽ മൂപ്പന്റെ പശ്ചാത്തല പഠനവും നിഗമനവും അന്തിമമായിരിക്കും. ഗർഭിണിയാകുന്ന സ്ത്രീകളെ മർദ-പെൺ പിശാച്-ഉപദ്രവിക്കുകയാണെന്നുള്ളതിൽനിന്നും രക്ഷനേടാൻ, പുഴയിലെ പ്രത്യേക ഇനം (കണഞ്ഞോൻ) മീൻപിടിച്ച് ചുട്ട് ചിരട്ടയിൽ കള്ളും ഒഴിച്ച് ഗർഭിണിയെക്കൊണ്ട് ചൊവ്വ ദിവസങ്ങളിൽ രാത്രി, പെൺ മർദക്ക് കൊടുത്ത് രക്ഷനേടുന്ന പ്രക്രിയയുണ്ട്.”**

-ഇത് ഉയർന്ന ജാതിക്കാരുടെ നിവേദ്യങ്ങൾ!

'കള്ളും കഞ്ചാവും ദൈവങ്ങൾക്ക്
ബീഡി, മുറുക്കാനും ദൈവങ്ങൾക്ക്
കാട്ടിറച്ചി ചുട്ടതും ദൈവങ്ങൾക്ക്
കരിംകോഴിയും മീനും ദൈവങ്ങൾക്ക്'

-ഇത് താഴ്ന്നജാതിക്കാരുടെ നിവേദ്യങ്ങൾ!

പൊതുവിൽ പറയുമ്പോൾ ഹൈന്ദവസമൂഹം (ഹിന്ദുക്കൾ) ഒന്നാണ്. പ്രത്യക്ഷത്തിൽ ഹൈന്ദവസമൂഹം (ഹിന്ദു) ഒന്നാണ്. പക്ഷേ, ജാതി അടിസ്ഥാനത്തിൽ ദൈവങ്ങൾക്കും ക്ഷേത്രങ്ങൾക്കും പൂജാവസ്തുക്കൾക്ക് പോലും പലതരം വ്യത്യാസങ്ങളുണ്ടെന്ന സത്യം ഞാൻ തിരിച്ചറിഞ്ഞു.

ബ്രാഹ്മണർ മുതൽ മലംപണ്ടാരം വരെ ഒന്നായ ഹിന്ദുക്കൾ ജാതികളും ഉപജാതികളുമായി തരംതിരിയുന്നു. വിശ്വാസത്തിലും ആചാരത്തിലും ദൈവങ്ങളിൽപോലും നിർണയിക്കാൻ പറ്റാത്ത അകലങ്ങളുണ്ടെന്നു ഞാൻ തിരിച്ചറിഞ്ഞു.

ആവശ്യത്തിന് ബോഡിഷെയ്പ്പും യുവത്വവും മുഖസൗന്ദര്യവും നല്ല വൃത്തിയുമുള്ള ഞാൻ ജാതിയുടെ മാത്രം പേരിൽ പല സന്ദർഭങ്ങളിലും ആക്ഷേപിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും പുറംതള്ളപ്പെടുകയും മാനസികമായി വേദനിക്കുകയും ചെയ്തിട്ടുണ്ട്. അവഹേളിക്കപ്പെടുന്ന ഈ ജാതിയിൽനിന്നുമുള്ള ഒരു മോചനമാർഗത്തെക്കുറിച്ച് ഞാൻ ചിന്തിച്ചുതുടങ്ങി.

ഉയർന്ന ജാതിയിൽപെട്ട, സുഹൃദ്ബന്ധമുള്ള ഹിന്ദുക്കളോടും ചില ഉദ്യോഗസ്ഥരോടും ചോദിച്ചു; നിങ്ങൾ എങ്ങനെ ഈ ജാതിയിൽ വന്നു? ജാതിയുടെ ഉത്ഭവം എവിടെയാണ് ? എനിക്ക് ഉയർന്ന ജാതിയിൽ ഉൾപ്പെടാൻ എന്താണ് മാർഗം? പലരുടെയും ഉത്തരങ്ങൾ വ്യത്യസ്തമായിരുന്നു.

തുടർന്നുള്ള അന്വേഷണവും പഠനവും ജാതിയുടെ ഉത്ഭവം കണ്ടെത്തുക എന്നതിനെക്കുറിച്ചായിരുന്നു. ഭാരതം എന്താണ്? ഹിന്ദു എന്ന നാമത്തിന്റെ അർഥം എന്താണ്?

ഭൂമിക്ക് 400 കോടി വർഷത്തെ പഴക്കമുണ്ടെന്ന് ശാസ്ത്രമതം പറയുന്നു (ഇന്ത്യാചരിത്രം-അധ്യായം 4). ‘പഞ്ചാബ് മേഖലയിലാണ് ഇന്ത്യയിൽ ആദ്യമായി മനുഷ്യവാസം ആരംഭിച്ചത്. ദശരഥ രാജാവിന്റെ പ്രിയപുത്രനായിരുന്നു ഭരതൻ. അദ്ദേഹത്തിന്റെ പേരുചേർത്ത് ഭാരതം നിലവിൽ വന്നു. ഭാരതത്തിലുള്ള പ്രധാന നദിയാണ് സിന്ധു. സമ്പൽസമൃദ്ധമായ സിന്ധു നദീതീരത്ത് മനുഷ്യർ പാർത്തുവന്നു. പേർഷ്യൻ രാജ്യങ്ങളിൽനിന്നും കച്ചവടത്തിനായി സിന്ധുതീരത്തു വന്നവർ സിന്ധുക്കാർ എന്ന് വിളിച്ചിരുന്നത് പിൽക്കാലത്ത് ഹിന്ദുക്കൾ എന്നായി പരിണമിച്ചതായി പറയപ്പെടുന്നു.’

മുകളിൽപ്പറഞ്ഞ രണ്ടു വിഷയങ്ങളുടെ യഥാർഥ തെളിവുകൾ എനിക്ക് കണ്ടെത്താനായില്ല. ആര്യന്മാർ ഭാരതത്തിൽ താമസമാക്കിയപ്പോൾ ആരാധനക്കായി പുരുഷന്റെയും സ്ത്രീയുടെയും രൂപങ്ങൾ കല്ലിലും തടിയിലും കൊത്തിയെടുത്തും മണ്ണിൽ പ്രതിമകളുണ്ടാക്കി ചുട്ടെടുത്തും ദൈവങ്ങളായി പൂജിച്ചും ആരാധിച്ചും പോന്നതായി കാണാം. കൂടാതെ സൂര്യൻ, ചന്ദ്രൻ, ആകാശം, വായു, അഗ്നി, മൃഗങ്ങൾ എന്നിവയെ ആരാധിച്ചുപോന്നതായി കാണാം.(ഇന്ത്യാചരിത്രം).

ഹിന്ദു ആശയത്തെക്കുറിച്ചും ദർശനങ്ങളെക്കുറിച്ചും കൂടുതലായി അറിയുന്നതിനും പഠിക്കുന്നതിനും പല വഴികളും മാർഗങ്ങളും ജിജ്ഞാസയോടുകൂടി അന്വേഷിച്ചുകൊണ്ടിരുന്നു. ഹൈന്ദവതയിൽ പാണ്ഡിത്യമുള്ളവരും പ്രായമുള്ളവരുമായി പല സന്ദർഭങ്ങളിലും ആശയവിനിമയങ്ങൾ നടത്തി. പലതും മനസ്സിലാക്കി.

1988ൽ തമിഴ്നാട്ടിലെ സേലം എന്ന ദേശത്ത് നിന്നുമുള്ള 75 വയസ്സോളം പ്രായമുള്ള ഒരു സന്യാസി കേരളത്തിലുള്ള പല ക്ഷേത്രങ്ങളിലും സന്ദർശനം നടത്തി. ശബരിമലക്കുള്ള യാത്രയിൽ ഞങ്ങളുടെ ഊരു ക്ഷേത്രത്തിലെത്തി. യാത്ര ചെയ്ത് ക്ഷീണിതനായ മുത്തുസ്വാമി ചെറിയ അസുഖം ബാധിച്ച് ഒരു മാസത്തോളം ഞങ്ങളുടെ ഊരിൽ താമസിച്ചു.

ഹൈന്ദവ പുരാണങ്ങൾ, ഇതിഹാസങ്ങൾ, വേദങ്ങൾ, ഭാഗവതം, ഗീത, രാമായണം എല്ലാം നന്നായി പഠിച്ചിട്ടുള്ള മുത്തുസ്വാമിയോട് ഹിന്ദുമതാചാര, വിശ്വാസങ്ങളെക്കുറിച്ച് എന്തു ചോദിച്ചാലും തൃപ്തികരമായ മറുപടി ലഭിക്കും. പുരാണങ്ങളും ചരിത്രങ്ങളും കേൾക്കുന്നതും പഠിക്കുന്നതും എനിക്ക് വളരെ ഇഷ്ടമുള്ളതാണ്. എത്രസമയം വേണമെങ്കിലും കേട്ടിരിക്കും.

എന്റെ സംശയങ്ങളും ചോദ്യങ്ങളും തിരിച്ചുകിട്ടിയ ഉത്തരങ്ങളും അറിവുകളും അപ്പോൾ തന്നെ ഞാൻ എഴുതിവെച്ചിരുന്നു. ചില ചോദ്യങ്ങളും ഉത്തരങ്ങളും കാണുക:

ചോദ്യം: ‘സ്വാമീ, ഈശ്വരൻ (ദൈവം) ഉണ്ടോ? ആരുടെ രൂപമാണ്.’



ഉത്തരം: 'ഈശ്വരൻ - ദൈവം ഉണ്ട്.'

വിശദീകരണം: 'ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ മൂന്ന് അതിശക്തിയുള്ള ദേവന്മാരുടെ സൃഷ്ടിയും സംരക്ഷണം സംഹാരവുമായിട്ടാണ് ഈ മഹാപ്രപഞ്ചം നിലകൊള്ളുന്നത്.

1. ബ്രഹ്മാവ്: സർവതും സൃഷ്ടിക്കുന്നു (സ്രഷ്ടാവ്).

2. മഹാവിഷ്ണു: എല്ലാം സംരക്ഷിച്ചു നിലനിർത്തുന്നു (സംരക്ഷകൻ).

3. മഹാദേവൻ: സംഹരിക്കുന്നു. (ആവശ്യമില്ലാത്തവ നശിപ്പിക്കുന്നു).

4. മഹാവിഷ്ണു: ഒരു രൂപത്തിൽനിന്നും അപ്രതീക്ഷിതമായി മറ്റു പലരൂപങ്ങളിലും പ്രപഞ്ചനിലനിൽപിനു വേണ്ടി അവതരിക്കുന്നു. തൽഫലമായി ശ്രീ അയ്യപ്പസ്വാമി, ശ്രീ മുരുകസ്വാമി, ശ്രീ ഗണപതി സ്വാമി, പാർവതി ദേവി എന്നിവരും പ്രപഞ്ചനിലനിൽപിനായി സൂര്യദേവൻ, ചന്ദ്രദേവൻ, അഗ്നിദേവൻ, വായുപുത്രൻ, ശ്രീരാമസ്വാമി, സീതാദേവി ഇങ്ങനെ ദേവീദേവന്മാരുടെ ഒരു ശൃംഖല തന്നെ പ്രവർത്തിക്കുന്ന ഫലമായിട്ടാണ് പ്രപഞ്ചം നിലനിൽക്കുന്നത്.'

ചോദ്യം : 'ഈശ്വരൻ എന്നത് ഏകനാമമാണല്ലേ? മുകളിൽ പറഞ്ഞതിൽ ആരാണ് ആ ഈശ്വരൻ?'

ഉത്തരം: 'മുകളിൽ പറഞ്ഞ ത്രിമൂർത്തികളും മറ്റു ദേവീദേവന്മാരും ഒന്നായി ലയിക്കുന്നതാണ് ഈശ്വരൻ. പ്രത്യേകമായി ഒരു ഈശ്വരൻ ഇല്ല.'

'തൃപ്തികരമായ' ഉത്തരം ലഭിച്ചപ്പോൾ ഞാൻ സന്തുഷ്ടനായി. ഭാരതീയ സംസ്കാരത്തെക്കുറിച്ച് ലഭിച്ച അറിവുകൾ വളരെ സന്തോഷവും കുളിർമയും ലഭിക്കുന്നതായിരുന്നു: 'പ്രപഞ്ചത്തിലുള്ള സർവജീവജാലങ്ങളോടും കാരുണ്യവും സ്നേഹവും ദയയും കാണിക്കുക, ഒരു ഉറുമ്പിനെപോലും നോവിക്കുകയോ കൊല്ലുകയോ അരുത്. സമസൃഷ്ടികളായ മനുഷ്യരെ പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുക. തന്റെ അയൽക്കാരനെ താനായിത്തന്നെ കാണുകയും സ്നേഹിക്കുകയും ചെയ്യുക.' അങ്ങനെ ഹൈന്ദവ ദർശനങ്ങളും സംസ്കാരവും ഈ മഹാപ്രപഞ്ചത്തിലെ നിലനിൽപും ഈശ്വരവിശ്വാസവും ആചാരനുഷ്ഠാനങ്ങളും മനുഷ്യനിലനിൽപിന്റെ ആണിക്കല്ലുമാണെന്നു ഞാൻ തിരിച്ചറിഞ്ഞു, വിശ്വസിച്ചു.

പത്തുവർഷം മുമ്പുവരെയും എന്റെ ഗ്രാമത്തിൽ വൃശ്ചികമാസം (നോമ്പുകാലം) 1ാം തീയതി മുതൽ 30 ദിവസം മുറ്റത്ത് പന്തലിട്ട് സന്ധ്യമുതൽ വെളുക്കുവോളം ഭജന (ആരാധന) നടത്തുമായിരുന്നു. ഇപ്പോഴും ഭാഗികമായി ഉണ്ട്. ഈ വേദിയിൽ ഒരുസംഘ ഭക്തിഗാനം ആലപിക്കാറുണ്ട്.

> **1988ൽ തമിഴ്നാട്ടിലെ സേലം എന്ന ദേശത്ത് നിന്നുമുള്ള 75 വയസ്സോളം പ്രായമുള്ള ഒരു സന്യാസി കേരളത്തിലുള്ള പല ക്ഷേത്രങ്ങളിലും സന്ദർശനം നടത്തി. ശബരിമലക്കുള്ള യാത്രയിൽ ഞങ്ങളുടെ ഊരു ക്ഷേത്രത്തിലെത്തി. യാത്ര ചെയ്ത് ക്ഷീണിതനായ മുത്തുസ്വാമി ചെറിയ അസുഖം ബാധിച്ച് ഒരു മാസത്തോളം ഞങ്ങളുടെ ഊരിൽ താമസിച്ചു. ഹൈന്ദവ പുരാണങ്ങൾ, ഇതിഹാസങ്ങൾ, വേദങ്ങൾ, ഭാഗവതം, ഗീത, രാമായണം എല്ലാം നന്നായി പഠിച്ചിട്ടുള്ള മുത്തുസ്വാമിയോട് ഹിന്ദുമതാചാര, വിശ്വാസങ്ങളെക്കുറിച്ച് എന്തു ചോദിച്ചാലും തൃപ്തികരമായ മറുപടി ലഭിക്കും. പുരാണങ്ങളും ചരിത്രങ്ങളും കേൾക്കുന്നതും പഠിക്കുന്നതും എനിക്ക് വളരെ ഇഷ്ടമുള്ളതാണ്. എത്രസമയം വേണമെങ്കിലും കേട്ടിരിക്കും.**

മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലും ദൈവമിരിക്കുന്നു,

അവൻ കരുണാമയനായ്, കാവൽ വിളക്കായ് കരളിലിരിക്കുന്നു.

സർവവ്യാപിയായ ഈശ്വരൻ എല്ലായിടത്തും ഉണ്ടെന്നാണല്ലോ ഈ ഭക്തിഗാനത്തിന്റെ ഉള്ളടക്കം. എനിക്ക് മുത്തുസ്വാമിയുടെ ഈശ്വരനെക്കുറിച്ചുള്ള വിശദീകരണത്തിൽ ചെറിയൊരു തൃപ്തി ശേഷിച്ചു. സർവദേവീദേവന്മാരുടെയും ഒന്നായിട്ടുള്ള ലയനമാണ് ഈശ്വരൻ. എന്നാൽ ഈശ്വരന് ഏതിനോടെങ്കിലും സാദൃശ്യമുള്ളതായോ, രൂപമുള്ളതായോ കണ്ടെത്താനാവുന്നില്ല. എന്നാൽ ലോകമെമ്പാടുമുള്ള ഭക്തജനങ്ങൾ കൈകൂപ്പിനിന്നു പ്രാർഥിക്കുകയും സങ്കടങ്ങൾ പറയുകയും ചെയ്യുന്ന ദേവീദേവന്മാർ അരൂപിയായ ഈശ്വരൻ ആണെന്നു അടിയുറച്ചു വിശ്വസിക്കാൻ കഴിയുമോ? മുത്തുസ്വാമി വിവരിച്ചു തന്ന ഒരു സംഭവത്തെക്കുറിച്ച് ഞാൻ തല പുകഞ്ഞു ചിന്തിച്ചു.

(തുടരും)

ടി.കെ.അശ്റഫ്
tkashraf100@gmail.com

# മിണ്ടാപ്രാണികൾക്കുമുണ്ട് അവകാശങ്ങൾ

ജീവജാലങ്ങളോട് കരുണ കാണിക്കാനും അവയെ ഉപദ്രവിക്കാതിരിക്കാനും ആവശ്യപ്പെടുന്ന മതമാണ് ഇസ്‌ലാം. ജീവജാലങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്ന പ്രയോജനങ്ങൾ മുൻനിർത്തിക്കൊണ്ടല്ല ഇസ്‌ലാം അവയോട് അനുകമ്പയും കരുണയും കാണിക്കണമെന്ന് പറയുന്നത്. മറിച്ച്, അവയിൽനിന്ന് പ്രയോജനം ലഭിക്കുന്നില്ലെങ്കിലും വിശ്വാസികൾ അപ്രകാരം അനുകമ്പയോടെ, സ്‌നേഹത്തോടെ വർത്തിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു.

ജീവജാലങ്ങളോട് കാണിക്കുന്ന കരുണ സ്വർഗപ്രവേശനത്തിന് കാരണമാകുന്ന കാര്യമായി പരിഗണിക്കപ്പെടുന്നതാണ്. ഈയൊരു ആശയത്തെ ഊന്നിപ്പറയുന്ന ധാരാളം പ്രവാചക വചനങ്ങളുണ്ട്. അവയിൽപെട്ട ഒരു ഹദീഥാണ് അബൂഹുറയ്റ(റ)യിൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്നത്. അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നു:

"ഒരാൾ യാത്രയിലായിരിക്കെ ദാഹം കഠിനമായി. അയാൾ കിണറ്റിലിറങ്ങി വെള്ളം കുടിച്ച് പുറത്തിറങ്ങി. അപ്പോൾ അയാൾ ശക്തമായ ദാഹത്താൽ നാവിട്ടടിച്ച് മണ്ണിൽ നക്കുന്ന നായയെ കണ്ടു. അയാൾ പറഞ്ഞു: 'എനിക്ക് മുമ്പ് വന്നെത്തിയത് ഇതിനും വന്നെത്തിയിരിക്കുന്നു.' അയാൾ തന്റെ കാലുറയിൽ വെള്ളംനിറച്ച്, അത് വായയിൽ കടിച്ചുപിടിച്ച് കയറിവരികയും നായക്ക് വെള്ളം കൊടുക്കുകയും ചെയ്തു. അല്ലാഹു അയാളുടെ പ്രവർത്തനം സ്വീകരിക്കുകയും അദ്ദേഹത്തിന് പൊറുത്തുകൊടുക്കുയും ചെയ്തു. അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, കന്നുകാലികളിൽ ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?' പ്രവാചകൻ(സ) പറഞ്ഞു: 'എല്ലാ ജീവനുള്ളതിലും പ്രതിഫലമുണ്ട്."

ഒരു മനുഷ്യൻ ജീവജാലങ്ങളെ കഷ്ടപ്പെടുത്തുകയും ഉപദ്രവിക്കുകയുമാണെങ്കിൽ അതുകാരണമായി അല്ലാഹു അവനെ പരലോകത്ത് ശിക്ഷിക്കുന്നതാണ്. ഇമാം മുസ്‌ലിം അബൂഹുറയ്റ(റ)യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു; അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: "ഒരു സ്ത്രീ അവരുടെ പൂച്ച കാരണമായി നരകത്തിൽ പ്രവേശിച്ചു. അവർ ഭക്ഷണം നൽകാതെ പൂച്ചയെ കെട്ടിയിട്ടു; അഴിച്ചുവിട്ടില്ല. മണ്ണിൽനിന്ന് അത് പെറുക്കിത്തിന്നു, അവസാനം പട്ടിണികിടന്ന് ചത്തുപോയി."

ഈ മാസം 11ന് ഉച്ചക്ക് എറണാകുളം ജില്ലയിലെ മാഞ്ഞാലി-അയിരൂർ റോഡിലൂടെ ഒരു നായയെ കാറിൽ കെട്ടിവലിച്ചു കൊണ്ടുപോകുന്ന ദൃശ്യം സോഷ്യൽ മീഡിയകളിലൂടെ കാണുകയും പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് വായിക്കുകയും ചെയ്തപ്പോഴാണ് പ്രവാചകന്റെ, മേൽസൂചിപ്പിച്ച പ്രസിദ്ധമായ അധ്യാപനം ഇത്തരക്കാർ ജീവിതത്തിൽ ഒരിക്കൽപോലും കേട്ടിട്ടില്ലേ എന്ന് ചിന്തിച്ചുപോയത്. ഇത് ചെയ്തയാൾ മുസ്‌ലിം നാമധാരിയായതിനാൽ വർഗീയ വിഷം ഉള്ളിൽകൊണ്ടു നടക്കുന്ന ചിലർ അതിന്റെ ഉത്തരവാദിത്തം ഇസ്‌ലാമിന്റെ തലയിൽ കെട്ടിവെക്കുന്നതായി സോഷ്യൽമീഡിയകളിൽ കാണാൻ കഴിഞ്ഞു. മുസ്‌ലിംകൾക്ക് നായ ഹറാമായതിനാലാണ് അയാൾ അങ്ങനെ ചെയ്തത് പോലും!

ഈ ക്രൂരത കാണിച്ചവനും ഇത്തരം ചെയ്തികൾ മിണ്ടാപ്രാണികളോട് നിരന്തരമായി ആവർത്തിക്കുന്നവരും പ്രവാചകന്റെ(സ) ജീവിതത്തിൽനിന്ന് ധാരാളം പഠിക്കാനുണ്ട്. ശരിയായ പരിചരണം ലഭിക്കാത്ത ഒരു ഒട്ടകത്തെ ശ്രദ്ധയിൽപെട്ടപ്പോൾ അതിന്റെ ഉടമസ്ഥനോട് 'ഇതിന്റെ കാര്യത്തിൽ നീ അല്ലാഹുവിനെ സൂക്ഷിക്കുന്നില്ലേ?' എന്ന് ചോദിച്ച പ്രവാചകൻ! പക്ഷിക്കുഞ്ഞുങ്ങളെ പിടികൂടി പ്രവാചക സന്നിധിയിലെത്തിയ അനുചരനോട് അവയെ കിട്ടിയ ഇടത്തുതന്നെ കൊണ്ടുവിടാൻ പഠിപ്പിച്ച പ്രവാചകൻ! ചൂടുവെച്ച് മുഖത്ത് അടയാളമുണ്ടാക്കപ്പെട്ട കഴുതയുടെ സമീപത്തുകൂടി നടന്നുപോകവെ അതിന്റെ മുഖത്ത് ചൂടുവെച്ച് അടയാളമുണ്ടാക്കിയവനെ അല്ലാഹു ശപിച്ചിരിക്കുന്നു (മുസ്‌ലിം) എന്നു പറഞ്ഞ പ്രവാചകൻ! മുഖത്ത് അടിക്കുന്നതും തീകൊണ്ട് മുഖത്ത് അടയാളമുണ്ടാക്കുന്നതും നിരോധിച്ച (മുസ്‌ലിം) പ്രവാചകൻ! ജീവികളെ അംഗഛേദം നടത്തി വികൃതമാക്കുന്നത് നിരോധിച്ച (ബുഖാരി) പ്രവാചകൻ! കുതിരകളുടെ തലക്കുമുകളിലുള്ള രോമങ്ങളും കഴുത്തിലുള്ള രോമങ്ങളും വാലിലെ രോമങ്ങളും വെട്ടരുത് (അബൂദാവൂദ്) എന്ന് പറഞ്ഞ പ്രവാചകൻ!

ആ പ്രവാചകന്റെ അനുയായികൾക്ക് എങ്ങനെ മൃഗങ്ങളോടും മറ്റു ജീവജാലങ്ങളോടും ക്രൂരത കാട്ടാൻ കഴിയും?

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 DECEMBER 19

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM
ISLAMIC ORGANIZATION

# അഞ്ചാം വയസ്സിലേക്ക്...

5




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2020 ഡിസംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 94477 45299 | **mail@nerpatham.com** | **www.nerpatham.com**